

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 35 | THE ONLINE OFFICIAL NEWS BULLETIN | 2024 August 08

SEASON OF TRANSFIGURATION — തേജസ്കരണകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
1st Sunday after the Feast of Transfiguration ♪3 **11**	Mem. of Mar Assayel ♪7 **12**	♪3 **13**	Comme. of Prophet Micah ♪7 **14**	  ♪7 Shunoyo Feast of the Dormition of St. Mary 109th Mem. of Patriarch Mar Ignatios Abded Meshiha (Kurkuma Dayara Devalokam) **15**	 ♪7 331th Mem. of Mar Ivanios Hidayathulla (Mulamthuruthi) **16**	♪3 **17**




പരിശുദ്ധ സഭ 40 മുതൽ 60 വയസു വരെയുള്ള വിശ്വാസികൾക്കായി ആരംഭിച്ച സെന്റ് ഡയനീഷ്യസ് ഫോറത്തിന്റെയും, 60 വയസിന് മുകളിലുള്ള വിശ്വാസികൾക്കായി ആരംഭിച്ച സെന്റ് ജോസഫ് എൽഡേഴ്സ് ഫോറത്തിന്റെയും കോട്ടയം ഭദ്രാസനതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2024 ഓഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച പാമ്പാടി ദയറായിൽ വച്ച് നിർവ്വഹിച്ചു.



വയനാട്ടിൽ ദുരിതബാധിത സ്ഥലങ്ങൾ സന്ദർശിക്കുന്ന മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിതല സംഘത്തിനോട് മലങ്കരസഭാ പിതാക്കന്മാർ സാഹചര്യങ്ങൾ വിശദീകരിക്കുന്നു.



കാതോലിക്കാദിന നിധി സമാഹരണ യോഗം ചെങ്ങന്നൂർ ബഥേൽ അരമനയിൽ നടത്തപ്പെട്ടു. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. ഫിനാൻസ് കമ്മിറ്റി ചെയർമാൻ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് കാതോലിക്കാ ദിന നിധി സമാഹരണത്തെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും ആവശ്യകതയെപ്പറ്റിയും വിശദീകരിച്ചു.





മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡൻറ് മൂവ്മെന്റിന്റെ ബാംഗളൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി യൂണിറ്റിന്റെ പത്താം വാർഷിക ആഘോഷങ്ങൾ ഓഗസ്റ്റ് 4-ന് വിശുദ്ധ കുർബാനയ്ക്ക് ശേഷം ഉദ്ഘാടനം ചെയ്തു. 2014-ൽ ആരംഭിച്ച ഈ യൂണിറ്റ് ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആരാധന, പഠനം, സേവനം എന്നീ മൂല്യങ്ങളെ ആസ്പദമാക്കി പ്രവർത്തിക്കുന്നു. വിശുദ്ധ കുർബാന ബാംഗ്ലൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ പീലക്സിനോസ് പ്രധാന കാർമ്മികത്വം വഹിച്ചു.

മലങ്കര സഭയുടെ പുനരധിവാസ പദ്ധതിക്ക് രണ്ടേക്കർ സ്ഥലം ദാനമായി നൽകി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വത്തിൽ വയനാട് ദുരന്തത്തിൽപെട്ടവർക്ക് നിർമ്മിച്ച് നൽകുന്ന ഭവനങ്ങൾക്കായ് സഭാംഗമായ കെ കെ സക്കറിയാ കാരുചിറയും കുടുംബവും രണ്ടേക്കർ സ്ഥലം ദാനമായി നൽകി. കൊല്ലം സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്. കോഴിക്കോട് - പാലക്കാട് റൂട്ടിൽ പൊന്നങ്കോട് എന്ന പ്രദേശത്ത് നാഷണൽ ഹൈവേയോട് ചേർന്നുള്ള സ്ഥലമാണ് നൽകിയത്.

അവാർഡ് തുക വയനാട്ടിൽ ഓർത്തഡോക്സ് സഭ നിർമ്മിക്കുന്ന ഭവനത്തിന് വേണ്ടി ഐ നാംസിന് നൽകി

റാന്നി: മാർ തേവോദോസിയോസ് എക്സലൻസി അവാർഡ് (ബഥനി പുരസ്കാരം) ഡോ. ഡി. മാത്യുവിനു വേണ്ടി മകൻ കുറിയാക്കോസ് മാർ ക്ലീമിസിൽ നിന്നും ഏറ്റുവാങ്ങി. അവാർഡ് തുക വയനാട്ടിലെ പുനരധിവാസത്തിന് ഉപയോഗിക്കുവാനായി ഐ നാംസിനു കൈമാറി.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

721. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. വട്ടിപ്പണക്കേസിന്റെ ജഡ്ജ്മെന്റ് അച്ചടിച്ചുതീർന്നോ എന്നും അപ്പീൽ ആലോചനയും പ്രവർത്തിയും എങ്ങിനെ ഇരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

722. സെറാംപൂർ കോളജ് പ്രിൻസിപ്പാളിനു, എ.വി. തോമസ് ... ടി തീയതി. ടി. സ്ഥലം.

723. സെറാംപൂർ കോളജ് പ്രിൻസിപ്പാളിനു. വി. ഐ. ലൂക്കോസ് ... ടി തീയതി. ടി. സ്ഥലം.

725. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. പള്ളിവക പീടിക പീലിപ്പോസിനു വാടകയ്ക്കു കൊടുത്താൽ കൊള്ളാമെന്നും മറ്റും. 1095 മിഥുനം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

726. കായങ്കുളത്തു പള്ളിക്കടവിൽ കോരുള പീലിപ്പോസിനു. ടിയാന്റെ അപേക്ഷയെ സംബന്ധിച്ചു ട്രസ്റ്റികളോടു പറഞ്ഞു ചെയ്യിക്കുന്നതിനു കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു കല്പന അയച്ചിട്ടുണ്ടെന്നും മറ്റും. 1095 മിഥുനം 12-നു പരുമല സിമ്മനാരിയിൽ നിന്നും.

727. പാറേട്ടു മാത്യൂസു ശെമ്മാച്ചനു. ടിയാന്റെ പട്ടംകൊടയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി. സ്ഥലം.

728. സി. വി. യൗനാൻ ശെമ്മാച്ചന്. സ്കൂൾ ഫൈനൽ കഴിഞ്ഞ് മേലോട്ടു പഠിക്കുന്നവർക്കും അന്യ സ്കൂളിൽ പഠിക്കുന്നവർക്കും ശെമ്മാച്ചന്മാർക്ക് പരിഗണനയും മേലാൽ ചെയ്യുന്നതിനു പാടില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

729. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. എം.ഡി. സിമ്മനാരിയിലെ സംഗതികളെ സംബന്ധിച്ച്. ടി തീയതി. ടി. സ്ഥലം.

730. കത്താലിൽ കുഞ്ഞിനു. മാലിപറമ്പിൽ ഉമ്മൻ മുതൽപേരുടെ സംഗതി പറഞ്ഞു തീർത്തു കൊടുക്കണമെന്നും മറ്റും. 1095 മിഥുനം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

731. പള്ളിവാതുക്കൽ തെരുവത്ത് മൂപ്പച്ചന്. ആ പള്ളിവക മോഷണക്കേസ് പ്രതികൾ അപ്പീൽ കൊടുക്കുന്നപക്ഷം നമ്മുടെ ഭാഗം വക്കാലത്തു പിടിച്ച് ഉത്സാഹമായി പ്രവർത്തിക്കുന്നതിനു ഇ. ജെ. പീലിപ്പോസു വക്കീലിന്റെ പേർക്കു കല്പന അയക്കുന്നുണ്ടെന്നും മറ്റും. 1095-ാമാണ്ട് മിഥുനമാസം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

732. കണ്ണങ്കോട്ടു പള്ളിക്കാർക്കും.

733. പുത്തൂർ പള്ളിക്കും.

734. പോരുവഴി പള്ളിക്കാർക്കും.

735. ചൂരനാട്ടു പഴയപള്ളിക്കാർക്കും. കടമ്പനാട്ടു പള്ളിക്കാരുടെ ആത്മികദിഷ്ടതികൾ നിങ്ങളുടെ പള്ളികളിൽ വച്ചു നടത്തിക്കൊടുക്കുന്നതിനു ആവശ്യപ്പെട്ടാൽ കടമ്പനാട്ടു പള്ളിക്കാർക്കും പട്ടക്കാർക്കും ഉള്ള വരുമാനങ്ങൾ കടമ്പനാട്ടു പള്ളിവികാരി പള്ളിവാതുക്കൽ തെരുവത്തു ഈശോ കത്തനാർക്കു അയച്ചുകൊടുക്കണമെന്നും മറ്റും. ടി ആണ്ട്. ടി സ്ഥലം.

736. കെ. കെ. ലൂക്കോസ് വക്കീലിനു. ബ്രഹ്മവാർ മിഷനെ സംബന്ധിച്ച്. ടി തീയതി. ടി. സ്ഥലം.

737. കീത്തലത്തറ മത്തായി ചെമ്മാച്ചന്. ഇപ്പോൾ പണപിരിവിനു സഞ്ചരിക്കുന്നതുകൊണ്ടു പ്രയോജനമില്ലെങ്കിൽ സഞ്ചരിക്കുന്നതിനു നിർബന്ധിക്കുന്നില്ലെന്നും മറ്റും. 1095 മിഥുനം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

738. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാന്. ശെമ്മാച്ചന്മാരെ സംസ്കൃതം പഠിപ്പിക്കുന്നതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

739. ദി കോളജ് പ്രിൻസിപ്പൽ, സെറാമ്പൂർ. സി. എസ്. നാരായണപിള്ള എന്ന കുട്ടിയെ ടി കോളജിൽ ചേർക്കണമെന്നു ഒരു സർട്ടിഫിക്കറ്റ്. 1920 ജൂൺ 28-നു. പരുമല.

740. പുതിയോട്ടു കുരുവിള വർക്കിക്കു. 19-നു വെള്ളിയാഴ്ച ഇവിടെ വന്നു ചേരണമെന്ന്. 1095 മിഥുനം 15-നു. പരുമല സിമ്മനാരി.

741. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. പള്ളിവക പുര പീലിപ്പോസിനു വാടകയ്ക്കു കൊടുക്കുന്നതിനെ സംബന്ധിച്ചും മറ്റും. 1095 മിഥുനം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

742. നിരണത്തു പള്ളിക്കാർക്കു. കാട്ടുപറമ്പിൽ തോമ്മസു കത്തനാരെ ഇടവകപട്ടക്കാരിൽ ഒരു ... അയാളെക്കൊണ്ട് നിങ്ങളുടെ ആത്മീയ ദിഷ്ടതികൾ നടത്തിക്കൊള്ളണമെന്നും മറ്റും. 1095 മിഥുനം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

743. കല്ലുങ്കൽ മത്തായി ശെമ്മാച്ചന്. തന്റെ കാര്യത്തെ സംബന്ധിച്ച് കർക്കടക മാസം അവസാനത്തോടു കൂടി അവിടെ എത്തുമ്പോൾ വേണ്ടവിധം ആലോചിച്ചു പ്രവർത്തിച്ചുകൊള്ളുമെന്നും മറ്റും. 1095-ാമാണ്ടു മിഥുനമാസം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

744. തെക്കേക്കര കുറിയാക്കോസു കശീശായ്ക്കു. ബഥനി കാര്യത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി. സ്ഥലം.

745. വല്യപാറേട്ട് മാത്യൂസ് ശെമ്മാച്ചന്. അവിടുത്തെ പള്ളിക്കാര്യത്തെ സംബന്ധിച്ചും മറ്റും. 1095 മിഥുനം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

746. കൈതയിൽ കുഞ്ഞച്ചന്. നിങ്ങളവിടെ വരുമ്പോൾ റീശീസാ കൂടി കൊണ്ടുവരണമെന്നും മറ്റും. 1095 മിഥുനം 19-നു. പരുമല സിമ്മനാരി.

747. താശിയിൽ മാത്തൻ കത്തനാർക്ക്. അവിടുത്തെ സ്കൂളിനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

748. പൗവത്തിക്കുന്നേൽ (ഭഗവതികുന്നേൽ) കുഡുംബത്തിൽപെട്ട എല്ലാ അംഗങ്ങൾക്കും. ഇവരുടെ കുടുംബയോഗത്തെ സംബന്ധിച്ച്. 1095 മിഥുനം 19 -നു പരുമല സിമ്മനാരിയിൽ നിന്നും.

749. കെ. വി. ഈപ്പൻ വക്കീലിനും,

750. താശിയിൽ മാത്തൻ കത്തനാർക്കും. കാർത്തികപ്പള്ളി സ്കൂളിന്റെ കറസ്പോണ്ടന്റിനെ മാറ്റുന്നതിനെ സംബന്ധിച്ച്. 1920-നു 1095 മിഥുനം 21-നു പരുമല സിമ്മനാരി.

751. മാത്തുള്ള മാപ്പിളയ്ക്കു. അയച്ചുതന്ന ലേഖനങ്ങൾ തൽക്കാലം പ്രസിദ്ധം ചെയ്യണ്ടായെന്നു. ടി തീയതി. ടി സ്ഥലം.

752. നെടിയുഴത്തിൽ ലൂക്കോസു കത്തനാർക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

753. റ്റി. വി. ജോൺ ശെമ്മാച്ചനു. കഴിയുംവേഗം എം.ഡി. യിൽ എത്തി ജോലി ചെയ്യണമെന്ന്. ടി തീയതി. ടി സ്ഥലം.

754. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

755. കേളച്ചന്ദ്ര മാർക്കോസു ശെമ്മാച്ചനു. ... ടി തീയതി. ടി സ്ഥലം.

756. തെക്കേക്കര കുറിയാക്കോസ് കത്തനാർക്കു. ചേലക്കര പള്ളി കൈസ്ഥാനത്തെ സംബന്ധിച്ചു. ടി പള്ളി കൈസ്ഥാനക്കാർ ഇവിടെ വരുവാനായിട്ടു എഴുതിയിട്ടുണ്ടെന്നും മറ്റും. 1920-നു 1095 മിഥുനം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

757. താന്നിക്കൽ വറീതു ഇയ്യുവിനും,

758. വാലികൊളത്തു ചാക്കു കുരിയതിനു. കർക്കടകം 3-നു ഇവിടെ എത്തണമെന്നും മറ്റും. 1920-നു 1095 മിഥുനം 21-നു. പരുമല സിമ്മനാരി.

759. വടുതല ഈശോ കത്തനാർക്കു. ചന്ദനപ്പള്ളിക്കാരുടെ പള്ളി ഉടമ്പടി എഴുതിപിടിക്കാൻ നിശ്ചയിച്ചിരിക്കുന്നതിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

760. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1095 മിഥുനം 23-നു. പരുമല സിമ്മനാരി.

761. മലയാമ്പെള്ളിൽ നയിനാ വറുഗീസിനു. ടിയാന്റെ മകൾ അച്ചാരിനെ അവളുടെ ഭർത്താവിനോടു കൂടി അയക്കാത്ത സംഗതിയെ സംബന്ധിച്ചു തീർച്ച ചെയ്യാൻ 25-നു (ഈ മാസം) ഇവിടെ എത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

762. പാടത്തു പുരവത്തിനു. ഈവാനിയോസു മെത്രാച്ചന്റെ പണമേർപ്പാട് എത്രയുംവേഗത്തിൽ തീർക്കണമെന്നും അതിനായി ഇത്രടം വരണമെന്നും മറ്റും. 1920-നു 1095 മിഥുനം 25-നു പരുമല സിമ്മനാരിയിൽ നിന്നും.

763. വി. ജെ. ഇട്ടിച്ചെറിയയ്ക്കു. സ്കൂളിൽ ടിയാൻ പറഞ്ഞിട്ടുള്ള ഒരാളെ നിയമിച്ചുകൊള്ളണമെന്നും മുൻഷി ശമ്പളക്കൂടുതൽ ചോദിക്കുന്നതു ന്യായമല്ലെന്നും മറ്റും. 1920-നു 1095 മിഥുനം 27-നു. പരുമല സിമ്മനാരി.

764. കിണറ്റുകര ഇസഹാക്കു കത്തനാർക്കു. ജഡ്ജുമെന്റ് അച്ചടി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

765. മട്ടയ്ക്കൽ ചാക്കോച്ചനു. പള്ളിച്ചിറ വാദ്ധ്യാരുടെ സംഗതിക്കു നിവൃത്തിയുണ്ടാക്കണമെന്നു. ടി തീയതി. ടി സ്ഥലം.

766. A testimonial for Deacon. V. J. Koshi. 12th July 1920. Parumala Seminary.

767. കാരിച്ചാൽ പള്ളി മുതൽക്കെട്ടു താമരവേലിൽ കൊച്ചുണ്ണിനു. റിശീസാ പിരിഞ്ഞ പണം മുഴുവനും അയച്ചുതരണമെന്നു. 1095 മിഥുനം 29-നു. പരുമല സിമ്മനാരി.

768. വെട്ടീപറമ്പിൽ സ്കറിയാച്ചനു. ചക്കുപുരയ്ക്കൽ പുന്നൂസു കത്തനാരച്ചനെ സ്കൂളിൽ നിയമിക്കണമെന്നു. 1095 മിഥുനം 30-നു. പരുമല സിമ്മനാരി.

769. കുന്ദംകുളം പള്ളി കശീശന്മാർക്കു. പനയ്ക്കൽ യാക്കോബു കത്തനാർക്കു തവണ കൊടുക്കുന്നതിനെ സംബന്ധിച്ചും മറ്റും. 1920-നു 1095 മിഥുനം 30-നു. പരുമല സിമ്മനാരി.

770. പനയ്ക്കൽ യാക്കോബു കത്തനാർക്കു. ടി സംഗതിക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

771. വെട്ടീപറമ്പിൽ ഔസേപ്പച്ചനു. സ്കൂൾ സംഗതി. പള്ളി മുതൽക്കെട്ടു സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

772. പണിക്കരു കത്തനാരച്ചനു. ചിലവുകൾ വളരെ കുറയ്ക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

773. ശൂരനാട്ടു കോശി ശെമ്മാച്ചനു. വർത്തമാനങ്ങൾക്കും സർട്ടിഫിക്കറ്റ് അയച്ചിട്ടുണ്ടെന്നും. ടി തീയതി. ടി സ്ഥലം.

774. കോട്ടയം നാഷണൽ ബാങ്ക് മാനേജർക്ക്. കോലത്തുകളത്തിൽ തോപ്പിൽ കുറിയാക്കോസു കത്തനാർക്കു രണ്ടായിരം രൂപ കൊടുത്തു രസീതു വാങ്ങണമെന്നു. ടി തീയതി. ടി സ്ഥലം.

775. തോപ്പിൽ കുറിയാക്കോസു കത്തനാർക്കു. ടി പണം വാങ്ങിക്കൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

776. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. എം.ഡി. സിമ്മനാരി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

777. സി. വി. വറിയതിനു. ചേലക്കര പള്ളി സംബന്ധിച്ചു. 1920-നു 1095 മിഥുനം 30-നു. പരുമല.

778. ചന്ദനപ്പള്ളി ചെറിയപള്ളിക്കാർക്കു. 1095 മിഥുനം 27-നു 318-ാം നമ്പ്ര രജിസ്റ്റർ ഉടമ്പടിയനുസരിച്ചു ഇടവകക്കാരെ വേർതിരിച്ചിരിക്കുന്നുയെന്നും വടുതല ഈശോ കത്തനാരെ കുറച്ചുകാലത്തേക്കു വികാരിയായി നിയമിച്ചിരിക്കുന്നുയെന്നും മറ്റും. 1095 മിഥുനം 31-നു പരുമല സിമ്മനാരിയിൽ നിന്നും.

779. കൊപ്പാറ ചെറിയാൻ, പാൽകണ്ടത്തിൽ കോശി മുതൽപേർക്കു. സിവിൽക്കേസു രാജിയായി തയ്യിൽ ചെറിയാന്റെ ഈടുപ്രമാണം കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

780. പുതിയകാവു പള്ളിക്കാർക്കു. പുതിയകാവു വേദവായനസംഘം വക ജൂബിലി പ്രമാണിച്ചു കർക്കടകം 8-നു അവിടെ എത്തുമെന്നു. ടി തീയതി. ടി സ്ഥലം.

781. പര്യാരത്തു പള്ളികൾക്കു. കുറുന്തോട്ടത്തിൽ പടിഞ്ഞാറെപുരയിൽ തൊമ്മി മത്തായി എന്നവനെ അവന്റെ ദുർന്നടപ്പു നിമിത്തം ആത്മീയ ദിഷ്ടതികളിൽ നിന്നു അകറ്റി നിർത്തിയിരിക്കുന്നതായും മറ്റും. 1920-നു 1095 കർക്കടകം 1-നു. പരുമല സിമ്മനാരി.

782. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

783. പയ്യമ്പെള്ളിൽ അബ്രഹാമിനു. പൗവ്വത്തിക്കുന്നേൽ കുടുംബയോഗത്തിന്റെ രക്ഷാധികാരസ്ഥാനം സ്വീകരിച്ചിരിക്കുന്നു എന്നും മറ്റും. 1920-നു 1095 കർക്കടകം 1-നു. പരുമല സിമ്മനാരി.

784. തെക്കേക്കര കുറിയാക്കോസ് കത്തനാർക്കു. ചേലക്കര പള്ളി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

785. മേൽപാടത്തു പള്ളിക്കാർക്കു. ഈ മാസം 3-നു അവിടെ എത്തുമെന്നു. ടി തീയതി. ടി സ്ഥലം.

786. പട്ടശേരിൽ പുത്തൻവീട്ടിൽ ഗീവറുഗീസിനു. ടിയാന്റെ ജ്യേഷ്ഠന്റെ മകന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

787. തോപ്പിൽ മത്തായി കത്തനാർ (1921-ൽ രക്തസാക്ഷിയായ മുളന്തുരുത്തി പള്ളി വികാരി പൊനോടത്ത് അച്ചൻ. - എഡിറ്റർ) മുതൽപേർക്കു. കർമ്മേൽ പള്ളി പണി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

788. കുമ്പഴ ആഞ്ഞിലിമൂട്ടിൽ കോശി തോമ്മായിക്കു. ടിയാന്റെ അപേക്ഷ സംബന്ധിച്ചു പള്ളിയോഗത്തിൽ നിന്നു റിപ്പോർട്ടു അയക്കണമെന്നു. ടി തീയതി. ടി സ്ഥലം.

789. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

790. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർക്കു. തേവേലിൽ ശെമ്മാച്ചൻ, ടിയാന്റെ സ്കൂൾ, പണപിരിവ് മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

791. റ്റി. ഐ. ജോസഫു ശെമ്മാച്ചനു. ടി സംഗതിക്കു. ടി തീയതി. ടി സ്ഥലം.

792. വി. ജെ. ഇട്ടിച്ചെറിയായ്ക്കു. എം.ഡി. മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളകൂടുതൽ സംബന്ധിച്ചു. 1920–നു 1095 കർക്കടകം 2–നു. പരുമല സിമ്മനാരി.

793. എ. കെ. ജോൺ വക്കീലിനു. കായങ്കുളം പീടിക കേസിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

794. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും മേൽ സംഗതിക്കും. ടി തീയതി. ടി സ്ഥലം.

795. പാടത്തു പുരവത്തിനു. ഈവാനിയോസു മെത്രാച്ചന്റെ പണമേർപ്പാടു സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

3–നു മേൽപാടത്തു പള്ളിയിൽ പോയി അന്നുതന്നെ തിരികെ എത്തി.

796. മാത്തുള്ളേച്ചനു. പണിക്കരു കത്തനാരച്ചന്റെയും മറ്റും ലേഖനങ്ങൾ പരസ്യം ചെയ്യണമെന്ന്. 1920–നു 1095 കർക്കടകം 5–നു. പരുമല സിമ്മനാരി.

797. വി. ജെ. ഇട്ടിച്ചെറിയായ്ക്കു. ജോൺ ശെമ്മാച്ചനു 50 രൂപ അയച്ചുകൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

798. ജോൺ ശെമ്മാച്ചനു. ടി സംഗതി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

799. തേവേലിൽ ജോസഫു ശെമ്മാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

800. ശങ്കരത്തിൽ മത്തായി ശെമ്മാച്ചനു. സ്ഥലം ആവശ്യമില്ലെന്നും മറ്റും. 1920–നു 1095 കർക്കടകം 5–നു. പരുമല സിമ്മനാരി.

801. മാറാച്ചേരിൽ ഇത്താപ്പിരി കത്തനാർക്കു. കേസു ജയിച്ചതിനെ സംബന്ധിച്ചും പട്ടക്കാരെ സംബന്ധിച്ചും. 1920–നു 1095 കർക്കടകം 5–നു. പരുമല സിമ്മനാരി.

807. ഇലഞ്ഞിക്കൽ കൊച്ചുണ്ണിക്കു. മാവേലിക്കര പേനുകിഴക്കേതിൽ ഉമ്മൻ ഐസക്കു എന്നയാളിനു കോൺട്രാക്ട് കൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

808. ഇലഞ്ഞിക്കൽ ഉതുപ്പാച്ചനു. ജഡ്ജ്മെന്റ് അച്ചടിച്ചത് വേഗം എത്തിക്കണമെന്നും മറ്റു വർത്തമാനങ്ങൾക്കും. 1095 കർക്കടകം 7–നു. പരുമല.

809. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. ടി സംഗതിക്കും വർത്തമാനങ്ങൾക്കും. 1920–നു 1095 കർക്കടകം 7–നു. പരുമല സിമ്മനാരി.

810. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1920–നു 1095 കർക്കടകം 7–നു. പരുമല സിമ്മനാരി.

811. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

812. വേലൂകിഴക്കേതിൽ അബ്രഹാമിനു. പണസഹായം ചെയ്യുന്നതിനു നിവൃത്തിയില്ലെന്നു. ടി തീയതി. ടി സ്ഥലം.

813. ഒ. എം. ചെറിയാനു. മറ്റത്തിൽ എം. റ്റി. അബ്രഹാം എന്ന കുട്ടിക്കു ഒരു വാദ്ധ്യാരു ജോലി കൊടുക്കണമെന്നു. ടി തീയതി. ടി. സ്ഥലം.

1095 കർക്കടകം 8–നു 2 മണിക്കു പരുമല നിന്നും വള്ളം കയറി 5 മണിക്കു മാവേലിക്കര പുതിയകാവു പള്ളിയിൽ എത്തി. 9–നു വി. കുർബാനാനന്തരം തഴക്കര പള്ളിയിൽ പോയി പുതിയകാവു വേദവായനയോഗക്കാരുടെ സ്വർണ്ണ ജൂബിലി പ്രമാണിച്ചു ടി യോഗക്കാരുടെ സ്കൂളിൽ എത്തി മീറ്റിംഗിനു സംബന്ധിച്ചു. 10–നു തര്യൻ മാനേജരുടെ ജ്യേഷ്ഠൻ ജോർജ് മാസ്റ്ററുടെ സുഖക്കേടു കാണ്മാൻ പോയി.

814. തഴക്കര കിഴക്കേഭാഗം വായനയോഗക്കാർക്കു. ടി സംഘം വകയായി കൊട്ടാരത്തിൽ വടക്കേതിൽ ഗീവറുഗീസു ഉമ്മന്റെ കൈവശമുള്ള പണം വൈദിക വിദ്യാഭ്യാസത്തിന്റെ ചിലവിനും മറ്റുമായി ടി സംഘക്കാർ നമ്മെ ഏല്പിച്ചുയെന്നും മറ്റും. 1095 കർക്കടകം 10–നു. മാവേലിക്കര.

815. തലവടി പടിഞ്ഞാറെക്കര പള്ളിയോഗക്കാർക്കു. ടി പള്ളി സംബന്ധമായ തർക്കങ്ങൾ കേട്ടു തീരുമാനിക്കുന്നതിനു വേണ്ടി ഈ മാസം 24–നു നിങ്ങൾ ഇവിടെ എത്തണമെന്നും മറ്റും. 1920–നു 1095 കർക്കടകം 13–നു പരുമല സിമ്മനാരിയിൽ നിന്നും.

816. പണിക്കരു കത്തനാരച്ചനു. വർത്തമാനങ്ങൾക്കു. 1920–നു 1095 കർക്കടകം 15–നു. പരുമല സിമ്മനാരി.

817. മാമ്മൂട്ടിൽ തോമ്മസു കത്തനാർക്കു. പണപിരിവിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

818. പീലക്സിനോസ് മെത്രാച്ചനു. വർത്തമാനങ്ങൾക്കും തക്സാ തർജമ നിരോധനത്തെ സംബന്ധിച്ചും മറ്റും. 1920–നു 1095 കർക്കടകം 15–നു. പരുമല സിമ്മനാരി.

819. ഇ. പി. മാത്യുവിനു. ടിയാനാവശ്യപ്പെട്ട സംഗതി കോട്ടയത്തു എത്തുമ്പോൾ തീരുമാനിക്കാമെന്നു. 1920–നു 1095 കർക്കടകം 15–നു പരുമല സിമ്മനാരി.

820. വർക്കിപിള്ളയ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

821. ആർത്താറ്റു–കുന്ദംകുളം പള്ളിക്കു. പനയ്ക്കൽ കാക്കു കത്തനാരെ കൂടി ചേർത്തു തവണയും ഓഹരിയും കൊടുത്തു നടത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

822. കുന്ദംകുളം പള്ളി കശീശന്മാർക്കു. മേൽസംഗതി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

823. പനയ്ക്കൽ കാക്കു കത്തനാർക്കു. മേൽ സംഗതിക്കും മറ്റും. ടി തീയതി. ടി സ്ഥലം.

824. കരവട്ടു അയ്പോരയ്ക്കു. ടിയാന്റെ അപ്പന്റെ ശ്രാദ്ധം പ്രമാണിച്ചു. ടി തീയതി. ടി സ്ഥലം.

825. പാലപ്പള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

826. കൊല്ലമ്പറമ്പിൽ ജേക്കബിനു. ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന സഹായങ്ങൾ തച്ചേരിൽ തോമാച്ചൻ ചെയ്യുമെന്നും മറ്റും. 1095 കർക്കടകം 15–നു. പരുമല സിമ്മനാരി.

827. A recomendation letter to K. Cherian to theological ... of Kayamkulam. 30th July 1920.

830. ഉള്ളന്നൂർ പള്ളിക്കാർക്കു. ആ പള്ളി വക റിശീസാ മുതൽപിടിക്കാരന്റെ കൈവശം സൂക്ഷിക്കുന്നത് മണിയോർഡറായി ഉടൻ അയച്ചുതരണമെന്നും പമ്പൂരേത്ത് അലക്സന്ത്രയോസ് കത്തനാരുടെയും കൂട്ടുകാരുടെയും ദുസ്സാമർത്ഥ്യങ്ങളായ അനാവശ്യ വ്യവഹാരങ്ങളെക്കുറിച്ചും മറ്റും വിചാരപ്പെടേണ്ട എന്നും അതുകൾ അവസാനം അവർക്കുതന്നെ ... തീർക്കുമെന്നും മറ്റും. 1920–നു 1095 കർക്കടകം 19–നു. കാരിച്ചാൽ പള്ളി.

831. തോനയ്ക്കാടു പള്ളിക്കാർക്കു. തട്ടാശ്ശേരിൽ യാക്കോബു കത്തനാരുടെ മുടക്കു തീർത്ത വിവരത്തിനും അവർ സമ്മതിച്ചിട്ടുള്ളതുപോലെ മാസം പതിനഞ്ചു രൂപാ വീതം ടി കത്തനാർക്കു കൊടുക്കുന്നതിനും. 1095 കർക്കടകം 27. പരുമല സിമ്മനാരി.

832. മാവേലിക്കര പുത്തൻപുരയിൽ തോമ്മസു കത്തനാർക്കു. തട്ടാശ്ശേരിൽ യാക്കോബു കത്തനാരുടെ മുടക്കു തീർത്തിരിക്കുന്നതുകൊണ്ടു (അയാൾ ഉടമ്പടി എഴുതി വച്ചിരിക്കുന്നു) ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ തോനയ്ക്കാടു പള്ളി നടത്തേണ്ട. 1095 കർക്കടകം 27. പരുമല സിമ്മനാരി.

833. To, His Excellency Lady Willington, Gt. House, Madras.

During the .... Travancore, തിരുമൂല വിലാസം ബാലികാമഠം സന്ദർശിക്കുകയും അതു തുറക്കുകയും ചെയ്യുന്നതിനു. 1920 ഓഗസ്റ്റ് 7. സിറിയൻ സെമിനാരി, കോട്ടയം.

833. ചേലക്കര പള്ളി തവണ വികാരി ചെറുവത്തൂർ കുറിയാക്കോസു കത്തനാർക്കു. ചേലക്കര പള്ളി കൈസ്ഥാനത്തെ സംബന്ധിച്ചു. കർക്കടകം 27. പരുമല സിമ്മനാരി.

834. ഇലഞ്ഞിക്കൽ പീലിപ്പോസു വക്കീലിനു. കടമ്പനാട്ടു പള്ളിക്കേസിനു ഒരു പത്രിക തയ്യാറാക്കി കൊടുക്കുന്നതിനു. 1095 കർക്കടകം 28. പരുമല സിമ്മനാരി.

(തുടരും)

ചരിത്രരേഖകൾ

1885-1925 കാലത്തു നടന്ന പട്ടംകൊടകൾ

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ 'സഭാജീവിത നാൾവഴി' എന്ന ഡയറിക്കുറിപ്പുകളിൽ നിന്നും

1061 ഇടവ മാസത്തിൽ വാകത്താനം കാരുചിറ ഗീവറുഗീസിന് (പിന്നീട് രണ്ടാം കാതോലിക്കാ) പട്ടം കൊടുക്കണമെന്ന് കളപുരയ്ക്കൽ പൗലോസ് കത്തനാരും മറ്റും തീർച്ചയാക്കി. പള്ളിക്കാരുടെ യോഗക്കുറിയും വാങ്ങി. അന്ന് കോട്ടയം ഇടവകയുടെ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തന്റെ സഞ്ചാരത്തിൽ കല്ലുങ്കത്ര പള്ളിയിലേക്ക് നീങ്ങിയിരിക്കയായിരുന്നു. അവിടെ ഗീവറുഗീസിന്റെ പിതാവെത്തി തിരുമനസ്സറിയിച്ചതിൽ വാകത്താനത്ത് പള്ളിയിൽ എത്തി പട്ടം കൊടുത്തുകൊള്ളാമെന്ന് കല്പിച്ചു. താമസം കൂടാതെ തന്നെ തിരുമേനി ടി. പള്ളിയിലേക്ക് നീങ്ങി മിഥുന മാസം 1-ന് ഞായറാഴ്ച പെന്തിക്കൊസ്തി പെരുനാളിൽ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുക്കുകയും പിന്നീട് അദ്ദേഹം ഏകദേശം ഒരു മാസത്തോളം ടി പള്ളിയിൽ ഇരുന്നു.

1062 മീനം 3-ന് തിരുമേനി മുരീയ്ക്കൽ മത്തായി ശെമ്മാശനു കത്തനാരു പട്ടവും കല്ലുങ്കത്ര യാക്കോബിനും ചാലാശേരിൽ വർക്കിക്കും കോറൂയോ പട്ടവും കൊടുത്തു. മുരീയ്ക്കൽ മത്തായി കത്തനാരു അവിടെ വച്ച് തന്നെ ടി. മാസത്തിൽ പുത്തൻ കുർബാന ചൊല്ലുകയും ടി. പുത്തൻ കുർബാനയ്ക്കുള്ള ചിലവ് ടി. ശെമ്മാശന്മാരും ഗീവർഗീസ് ശെമ്മാശനും കൂടി നൽകുകയും ചെയ്തു.

കല്ലുങ്കത്ര പള്ളിയിൽ നിന്നും 1062 ഇടവ മാസത്തിൽ തിരുമേനി കുറിച്ചി പള്ളിയിലേക്ക് നീങ്ങുകയും 20-ന് കല്ലാശേരി പുന്നൂസിന് (പിന്നീട് മൂന്നാം കാതോലിക്കാ) കോറൂയോ പട്ടവും അതോടുകൂടെ കഥാനായകൻ ഗീവറുഗീസ് കോറൂയോയ്ക്ക് എവുപ്പതിയക്കോനോ എന്ന പട്ടവും ടി. തിരുമേനി കൊടുത്തു. അവിടെ നിന്നും തിരുമേനി സിമ്മനാരിയിലേക്ക് നീങ്ങുകയും ചെയ്തു.

1066 ഇടവം 13-ന് പലരും വന്ന് കാണുകയും സന്തോഷിക്കയും ചെയ്തിരുന്നു. 14-ന് സ്വർഗാരോഹണപ്പെരുന്നാളായിരുന്നു. റെനി വിലാത്തി പാദ്രിക്ക് ഗ്രീഗൊറിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി റമ്പത്വം കൊടുത്തു.

17-ന് അൽവാറീസ് മെത്രാച്ചൻ കുർബാനക്കായി ഒരുങ്ങുകയും, ശേഷം തിരുമേനികളും കൂടെയുള്ളവരും പ്രാർത്ഥന കഴിഞ്ഞശേഷം സുറിയാനി മര്യാദ പ്രകാരമുള്ള ക്രമങ്ങൾ കഴിക്കയും പാത്രിയർക്കീസ് ബാവായുടെ കല്പന വായിക്കയും മറ്റും ചെയ്ത്, റെനി വിലാത്തിക്ക് മൂന്നു പേരും കൂടി കൈവച്ച് തീമൊഥിയൊസെന്ന സ്ഥാനപ്പേർ കൊടുത്തു അമോലോഗിയ വായിച്ച് ഒപ്പു വച്ച് വാങ്ങിച്ചു. പിന്നെ കുറെയാശ്വസിച്ച ശേഷം എല്ലാവരും പള്ളിയകത്തു പോയി. അൽവാറീസ് കുർബാന ചൊല്ലുകയും ഏതാനും ക്രമങ്ങൾ കഴിക്കയും ചെയ്തു. പള്ളിയിൽ അമെറീക്ക കൊൻസൽ മുതലായ മഹാന്മാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഇവരെ കഴിഞ്ഞ് തിരുമേനികൾ മുറിയിൽ വന്നപ്പോൾ ഡോക്ടർ പിന്റോ തിരുമേനികൾക്ക് വെവ്വേറെ വന്ദനവുകൾ പറയുകയും അവർ യഥോചിതമായ മറുപടി പറയുകയും ചെയ്തു. ...

18-ന് റെനിവിലാത്തി തിമൊത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് ബാവായുടെ അധികാരപത്രവും മൂന്ന് മെത്രാന്മാരും കൂടി അധികാര സാക്ഷ്യപത്രവും കൊടുത്തു. ... പട്ടംകൊടയുടെ സംഗതികളെ കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തയച്ചു.



1068 ചിങ്ങത്തിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് പള്ളിയിലേയ്ക്ക് നീങ്ങുകയും ടി കന്നി മാസം 6-ന് ഗീവറുഗീസ് ശെമ്മാശു മ്മ്ശമീശാനപ്പട്ടം ടി തിരുമേനിയോട് ഏൾക്കുകയും ചെയ്തു. അന്ന് ഇടവഴിക്കൽ ലൂക്കോസ് ശെമ്മാശൻ വന്നു കത്തനാരു പട്ടവും ഏറ്റു.

ധനു മാസം 10-ന് റാക്കാട്ടു നിന്നും മാറാട്ട് പള്ളിയിൽ എത്തി. 11-ന് തിരുമേനി കുർബ്ബാന ചൊല്ലുകയും പള്ളിക്കാരായ 2 കുട്ടികൾക്ക് മ്മ്സമ്രാനാ പട്ടവും റാക്കാട്ടുകാരൻ ഒരു ശെമ്മാശന് മ്മ്ശമിശാനാ പട്ടവും കൊടുത്തു. 13-ന് തിരിച്ചു റാക്കാട്ടേക്കു തന്നെ പോയി. അവിടെയും ഒരു രജിസ്ട്രർ ഉടമ്പടി എഴുതിച്ചു.

1071 ചിങ്ങം 1-ന് തിരുമേനി കുർബാന ചൊല്ലി. പള്ളിക്കരെ പാപ്പാറെ മത്തായിക്ക് സമ്രാന പട്ടം കൊടുത്തു.

മകരം 10-ന് കാട്ടിൽ ഉലഹന്നാൻ എന്ന കൊച്ചന് പട്ടം കൊടുക്കുന്നതിനായി യോഗക്കുറി വാങ്ങിച്ച് കാട്ടിലച്ചനും മറ്റും ആലുവായ്ക്ക് പോയപ്പോൾ ഗീവറുഗീസ് ശെമ്മാശനും അവിടേക്ക് യാത്ര പുറപ്പെട്ടു. 13-ന് അവിടെ എത്തുകയും 14-ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ ടി. കൊച്ചന് പട്ടം കൊടുക്കുകയും ചെയ്തു.

1072 ചിങ്ങ മാസം 4-ന് ഗീവറുഗീസു ശെമ്മാശൻ കത്തനാർ പട്ടവും ഏറ്റു. പട്ടംകൊടയിൽ സംബന്ധിപ്പാൻ അങ്കമാലി പാറക്കലച്ചനും മറ്റും വന്നിരുന്നു. 11-ന് ഗീവറുഗീസ് കത്തനാരെ റമ്പാച്ചനാക്കുവാൻ നിശ്ചയിച്ചിരിക്ക കൊണ്ട് അതിൽ കൂടുന്നതിനായി റാക്കാട്ടും കുറുപ്പുംപടിക്കലും മറ്റുമുള്ള ചില കൊച്ചച്ചന്മാർക്ക് തിരുമേനി എഴുതി അയക്കയും അതിൻ പ്രകാരം 10-ന് റാക്കാട്ട്

കൊച്ചുകുട്ടി മത്തായി കത്തനാരും കുറുപ്പുംപടിയിൽ പടയാട്ടിൽ ഇസഹാക്ക് കത്തനാരും കണ്ടനാട്ട് പുന്നച്ചാലി അച്ചനും അങ്കമാലിയിലെ പട്ടക്കാരും വാകത്താനത്തു നിന്ന് പുത്തൻപുരയിൽ വർക്കി എന്നയാളും മറ്റും വന്ന് ചേരുകയും 11-ന് തിരുമേനി കുർബാന ചൊല്ലി, കുർബാനമദ്ധ്യേ കണ്ണീരോടും പ്രാർത്ഥനയോടും ക്രമം കഴിച്ച് റമ്പാച്ചനായി ഗീവറുഗീസ് കത്തനാർക്ക് പട്ടം കൊടുക്കുകയും 14-ന് ഗീവറുഗീസ് റമ്പാൻ കുർബാന ചൊല്ലുകയും അതിലേയ്ക്ക് സദ്യ കഴിക്കയും ചെയ്തു. വാകത്താനത്തു നിന്നും വന്നവർ തിരിച്ചു പോകയും ചെയ്തു.

13-ന് അവിടെ നിന്നും മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും മഞ്ഞപ്ര പള്ളിയിൽ എത്തുകയും 16-ന് തിരുമേനി കുർബാന ചൊല്ലി മങ്ങാട്ടു മ്പള്ളി ഗീവറുഗീസ് ശെമ്മാശന് കത്തനാരു പട്ടവും മണർകാട്ടു വെട്ടിക്കുന്നേൽ കുറിയാക്കോസിന് കോറൂയോ പട്ടവും കൊടുത്തു.

വൃശ്ചികം 11-ന് ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ എത്തി 12-ന് സിമ്മന്നാരി സ്ഥാപകന്റെ ഓർമ്മയും അങ്കമാലി കുറ്റിക്കാട്ട് പൌലോസു ശെമ്മാശനും കല്ലാശ്ശേരി പുന്നൂസു ശെമ്മാശനും കത്തനാരു പട്ടവും മറ്റു ചിലർക്ക് ശെമ്മാശപട്ടവും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസു കൊടുക്കയും ടി. കത്തനാർകൾ 2 പെരേയും 15-ന് റമ്പാച്ചന്മാരായി തിരുമേനി തന്നെ പട്ടം കൊടുക്കയും ചെയ്തു. അതുകഴിഞ്ഞ് ഗീവറുഗീസ് റമ്പാച്ചൻ വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

1900-മാണ്ട് മകരം 5-ന് ഗീവറുഗീസ് റമ്പാൻ നാലുന്നാക്കൽ പുതുപ്പറമ്പിൽ കുര്യൻ കത്തനാരുടെ മകൻ ചാക്കോയ്ക്ക് പട്ടം കൊടുപ്പിക്കുന്നതിനായി അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ മണർകാട്ടു പള്ളിയിൽ എത്തുകയും 6 ന് തിരുമേനി ടി. ചാക്കോയ്ക്കും പോത്താനിക്കാട്ട് പള്ളി ഇടവകയിൽ ഒരു ചെറുക്കനും മ്ശ്രമാനാ പട്ടവും കാട്ടിൽ യോഹന്നാൻ ശെമ്മാശനും മറ്റും മ്ശംശാനാ പട്ടവും കൊടുത്തു.

കത്നെ ഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളി ഇടവകയിലെ 2 കുട്ടികൾക്കും പടിഞ്ഞാറെക്കുറ്റ് അച്ചന്റെ മകനും പട്ടം കൊടുത്തു. മീനം 19-ന് ഞായറാഴ്ച തിരുമേനി വേങ്കടത്തച്ചന്റെ മകനും ഉപ്പൂട്ടിൽ യൗസേപ്പിന്റെ മകനും പട്ടം കൊടുത്തു.

11-ന് തിരുമേനി പള്ളിക്കരപ്പള്ളിയിൽ കുരിശുങ്കൽ മാണി ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു.

1076 ചിങ്ങ മാസം 20-ന് ഗീവറുഗീസ് റമ്പാൻ തിരിച്ച് പറവൂർക്ക് യാത്ര പുറപ്പെട്ട് 22-ന് അവിടെയെത്തി. തുലാ മാസം 8-ന് തിരുമേനി പള്ളിക്കരെ കൊച്ചേരി ശെമ്മാശന് കത്തനാർ പട്ടവും വെങ്ങോലക്കാരൻ ഒരു കൊച്ചന് കോറൂയാ പട്ടവും കൊടുത്തു. 25-ന് തിരുമേനി മണർകാട്ട് വെട്ടിക്കുന്നേൽ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു.

തിരുവനന്തപുരം പള്ളി കൂദാശ

1076 വൃശ്ചികം 9-ന് തിരുവനന്തപുരത്തുള്ള സുറിയാനി പള്ളി ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശ കഴിച്ചു.

11-ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ തുരുത്തിപ്പള്ളി ഇടവകയിൽ ഒരാൾക്ക് എവുപ്പദിയക്കന പട്ടവും 28-ന് പള്ളിക്കരെ കല്ലാപ്പാറ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു.

1901-ാം മാണ്ട് മകരം 1-ന് ഏറ്റുമാനൂർ കോതനല്ലൂർ പള്ളിയിൽ ഇടവകയിൽ പാറത്തുണ്ടത്തിൽ യോഹന്നാൻ ശെമ്മാശു റോമാ സഭയിൽ നിന്ന് സുറിയാനി സഭയിലേക്ക് ചേരുകയാൽ അയാൾക്ക് പട്ടം കൊടുക്കണമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും തിരുമേനി അയാൾക്ക് ശെമ്മാശ പട്ടം കൊടുക്കുകയും, പിന്നെ അയാൾ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ എത്തി കത്തനാരു പട്ടവും ഏറ്റു. കല്ലുങ്കത്ര പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും അയാൾക്ക് ഒരു പള്ളിക്ക് കല്ല് ഇടീച്ച് കൊടുക്കുകയും മറ്റും ചെയ്തു. അയാൾ വഞ്ചകനായിരുന്നതിനാൽ തിരിച്ചു പോയി.

മേട മാസം 21-ന് പുതുഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി തുരുത്തി പള്ളി ഇടവകയിൽ തോമ്പ്രാ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുത്തു. അന്നുതന്നെ ചിരട്ടക്കൽ ഇത്താപ്പിരിയുടെ പുത്തൻ പള്ളി കൂദാശ ചെയ്യുന്നതിനായി മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും പോയി കൂദാശ കഴിച്ചു. 12 പട്ടക്കാർക്ക് നേർച്ചയും അനേകം പേർക്ക് സദ്യയും ഉണ്ടായിരുന്നു.

ഇടവം 9-ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടെയുള്ളവരും പള്ളിക്കര നിന്നും യാത്ര പുറപ്പെട്ട് 11-ന് പറവൂർ പള്ളിയിൽ എത്തി താമസിച്ചു. മിഥുനം 10-ന് തിരുമേനി കുർബ്ബാന ചൊല്ലി കുറിച്ചിയിൽ തോപ്പിൽ കുര്യാക്കോസു ശെമ്മാശനു കത്തനാരു പട്ടം കൊടുത്തു.

മിഥുനം 16-ന് ചൊവ്വാഴ്ച 2 മണിക്ക് വാകത്താനത്തുള്ള കളപ്പുരക്കൽ പൗലോസു കത്തനാർ മരിച്ചു എന്ന് ഗീവറുഗീസു റമ്പാന്റെ പേർക്ക് 17-ന് കമ്പി വന്നു. ഉടനെ ഗീവറുഗീസു റമ്പാൻ പറവൂർ നിന്നും യാത്ര പുറപ്പെട്ടു 19-ന് വാകത്താനത്തു പള്ളിയിൽ എത്തി. ഇദ്ദേഹം 1018-മാണ്ട് കുംഭത്തിൽ ജനിക്കയും 1027 ചിങ്ങത്തിൽ കൂറിലോസ് ബാവായോട് ആദ്യ പട്ടവും 1036-ൽ കത്തനാരു പട്ടവും ഏറ്റു കുർബാന ചൊല്ലി.

18-ന് കാട്ടിൽ യോഹന്നാൻ ശെമ്മാശു, കത്തനാരു പട്ടം ഏറ്റു.

1078 ചിങ്ങം 11-ന് എണ്ണച്ചേരിൽ ഗീവറുഗീസു കത്തനാരുടെ മകൻ ഉലഹന്നാനും കളപ്പുരയ്ക്കൽ വർക്കിയുടെ മകൻ ഉലഹന്നനും പട്ടം കൊടുപ്പിക്കുന്നതിനായി ദേശക്കുറി എഴുതുകയും ഗീവറുഗീസ് കത്തനാരുടെ മകൻ ഉലഹന്നാൻ പറവൂർ പള്ളിയിൽ എത്തി അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് 17-ന് പട്ടം ഏറ്റു. 20-ന് വാകത്താനത്തു പള്ളിയിൽ എത്തി പട്ടക്കടലാസു വായിച്ചു.

കളപ്പുരക്കൽ വർക്കി ഉലഹന്നാന് പട്ടം കൊടുപ്പിക്കുന്നതിന് കുറി എഴുതി എങ്കിലും അന്ന് പട്ടരുമഠത്തിൽ ഗീവറുഗീസ് കത്തനാർ മാത്രമേ ഒപ്പ് ഇട്ടൊള്ളു. കോയിപ്പുറത്ത് ഗീവറുഗീസ് കത്തനാർ നാലുന്നാക്കൽ പള്ളിയിൽ പോയിരുന്നതിനാൽ അദ്ദേഹം വരുമ്പോൾ ആയിക്കൊള്ളാമെന്ന് പറകയും 29-ന് പെരുന്നാളിന് ആലോചിച്ചതിൽ കളപ്പുരക്കൽ വർക്കിയുടെ മകൻ പുന്നനു ആയിരിക്കണമെന്ന് നിശ്ചയിച്ച് കുറി എഴുതി ഒപ്പിടുകയും ചെയ്തു.

കന്നി മാസം 5-ന് ഗീവറുഗീസു റമ്പാൻ കോട്ടയത്തു സിമ്മന്നാരിയിൽ എത്തി താമസിച്ചു. കളപ്പുരക്കൽ വർക്കിയുടെ മകൻ പുന്നനു പട്ടം കൊടുപ്പിക്കുന്നതിനായി കളപ്പുരയ്ക്കൽ തോമായും മാളിയേക്കൽ ഔസേപ്പും ടി. പുന്നനും പറവൂർക്ക് പോകയാൽ അവരോട് കൂടി റമ്പാച്ചനും പോയി. 8-ന് പറവൂർ പള്ളിയിൽ എത്തുകയും ചെയ്തു. അന്നു ചെറിയമഠത്തിൽ അന്ത്രയോസു ശെമ്മാശനു അത്തനാസ്യോസു മെത്രാപ്പോലീത്താ കത്തനാരു പട്ടവും കൊടുത്തു.

11-ന് ടി. തിരുമേനി ടി. പുന്നന് മ്ശ്രമാന പട്ടം കൊടുത്തു.

1904 കുംഭം 29-ന് കഥാനായകൻ അങ്കമാലിപ്പള്ളിയിലേക്ക് തീവണ്ടി വഴിയായി പോയി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മത്തായി 7:7 വാക്യത്തെക്കുറിച്ച് പ്രസംഗിക്കയും കോതമംഗലത്തു മാലിയിൽ ഇത്താപ്പിരി എന്ന കൊച്ചന് കോറൂയോ പട്ടം കൊടുക്കുകയും ചെയ്തു. അന്ന് കുർബാന ചൊല്ലിയത് ചാലപ്പുറത്ത് യാക്കോബ് റമ്പാൻ ആയിരുന്നു. കഥാനായകൻ അന്നു തന്നെ ആലുവായിലേക്ക് തിരിച്ചു പോരികയും ചെയ്തു.

1906 കർക്കടകം 13-ന് പാമ്പാടി പള്ളിയിലെ വികാരി ചെറിയമഠത്തിൽ യാക്കോബു കത്തനാരുടെ ഒരു എഴുത്ത് കഥാനായകനു വന്നിരുന്നു. അതിൽ ആ ഇടവകയിൽ പേഴമറ്റത്തു ശെമ്മാശനു കത്തനാരു പട്ടവും ദയറായൂസായും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവിടെ എഴുന്നള്ളി കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിൽ സംബന്ധിപ്പാൻ കഥാനായകനും ചെല്ലണമെന്നുമായിരുന്നു. അതിൻപ്രകാരം 14-ന് കഥാനായകൻ മനോരമയിലേക്ക് പോകയും 3 മണിക്ക് ടി. മെത്രാപ്പോലീത്താ അവിടെ എഴുന്നള്ളുകയും തിരുമേനിയോടൊരുമിച്ച് വണ്ടിയിൽ കഥാനായകനും പാമ്പാടിയിലേക്ക് പോയി. വഴി മദ്ധ്യേ വച്ച് കാരിക്കാമറ്റം പള്ളിയിൽ കയറി പ്രാർത്ഥനയും അവരുടെ വകയായി ഒരു കാപ്പിമേശയും കഴിച്ചുകൊണ്ട് സന്ധ്യയ്ക്ക് പാമ്പാടി പള്ളിയിൽ എത്തി. ടി. കുറിയാക്കോസു ശെമ്മാശനു തിരുമനസുകൊണ്ടു കത്തനാരു പട്ടവും പിറ്റെ ദിവസം ദയറായൂസായും കൊടുത്തു.

17-ന് കുറിയാക്കോസു റമ്പാൻ മാർ ഈവാനിയോസു മെത്രാപ്പോലീത്തായുടെയും മറ്റും സാന്നിദ്ധ്യത്തിൽ പുത്തൻ കുർബാന ചൊല്ലി.

ശീമയ്ക്കു പോയിരുന്ന സ്ലീബാ ശെമ്മാശൻ മൂസലിന്ന് സമീപമുള്ള മാർ മത്തായിയുടെ ദയറായിൽ വച്ച് കർക്കിടകം 10-ന് ദയറായൂസായും 15-ന് കത്തനാരു പട്ടവും, കൂടെപോയിരുന്ന തുരുത്തിപ്പള്ളി ഇടവക്കാരൻ മത്തായിശെമ്മാശന് 6 പട്ടവും മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും ഏറ്റ വിവരത്തിന് മൂസൽക്കാരൻ അന്തോന്റെ എഴുത്ത് വല്ല്യതിരുമേനിക്ക് വന്നിരുന്ന സംഗതിക്ക് ചിങ്ങം 30-ന് എഴുത്തു കിട്ടി.

1082-ന്ന് 1906 ചിങ്ങം 15-ന് ആമ്മീദിൽ വച്ച് പാപ്പാമതത്തിൽ പോയി തിരിച്ചുവന്ന ഗ്രിഗോറിയോസു അബ്ദുള്ളാ മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി വാഴിച്ച വിവരത്തിന് മൂസലിലെ ബഹന്നാൻ മെത്രാപ്പോലീത്തായുടെ കമ്പി ടി. മാസം 24-ന് വല്യതിരുമേനിക്ക് വരികയാൽ ആ വിവരം *ഇടവകപത്രിക*യിൽ തിരുമേനി പ്രസിദ്ധം ചെയ്തു.

1083 വൃശ്ചികം 17-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വിളനിലത്തു മത്തായി ശെമ്മാശനും വടക്കെത്തലയ്ക്കൽ സ്കറിയാ ശെമ്മാശനും പറമ്പിൽ സ്കറിയാ ശെമ്മാശനും കത്തനാരു പട്ടം കൊടുക്കുന്നതിനായി അവരുടെ അപേക്ഷപ്രകാരം മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവിടേയ്ക്ക് എഴുന്നള്ളിയപ്പോൾ കഥാനായകനും തിരുമേനിയോടു കൂടെ പോകയും പിറ്റെ ദിവസം അവിടെ എത്തുകയും ചെയ്തു. 19-ന് തിരുമേനി കുർബാന ചൊല്ലി മേൽപ്പറഞ്ഞ ശെമ്മാശൻമാർക്കു കത്തനാരു പട്ടവും കൊടുത്തു. ജനക്കൂട്ടം വളരെ അധികം ആയിരുന്നു.

വൃശ്ചികം 18-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളിയിൽ വൈലപ്പെള്ളിൽ യാക്കോബ് ശെമ്മാശന് ആലുവാ പള്ളിയിൽ വച്ച് കത്തനാരു പട്ടം കൊടുത്തു.

1084 വൃശ്ചികം 16-ന് പൗലോസ് മാർ കൂറിലോസ് മെത്രാച്ചൻ സിമ്മന്നാരിയിൽ കുർബ്ബാനയും പ്രസംഗവും കഴിക്കയും 4 ശെമ്മാശൻമാർക്ക് കത്തനാരു പട്ടവും 4 പൈത ങ്ങൾക്ക് കോറൂയോ പട്ടവും കൊടുക്കയും ചെയ്തു. എണ്ണച്ചേരിൽ യോഹന്നാൻ ശെമ്മാശു ഇന്നേദിവസം കത്തനാരു പട്ടം ഏറ്റതിൽ ഒരാൾ ആണ്.

1909 ധനു മാസം 10-ന് കോട്ടയത്തു സിമ്മനാരിയിൽ വച്ച് ശീമക്കാരൻ മാർ ഒസ്താത്തിയോസ് ബാവായിൽ നിന്ന് കരിപ്പാൽ ശെമ്മാശ്ശൻ കത്തനാരു പട്ടം ഏറ്റു.

1910 (1085) 27-ന് (ജൂൺ 9) നാല്പതാം പെരുന്നാളിൽ ... അകപ്പറമ്പു പള്ളിയിൽ വച്ച് കുറ്റിക്കാട്ടിൽ പൗലോസു റമ്പാനെക്കൊണ്ട് മലങ്കര സമുദായക്കാരുടെ ഭൂരിപക്ഷം അഭിപ്രായത്തിനെതിരായി ഉടമ്പടി എഴുതിച്ചു കൊണ്ടിയാന് അത്താനാസ്യോസ് എന്ന നാമധേയത്തിൽ മെത്രാൻ സ്ഥാനം കൊടുക്കുകയും അങ്കമാലി ഇടവക ഏല്പിക്കയും ചെയ്തു.

1911 തുലാം 23-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി കാർത്തികപ്പള്ളിൽ സ്കറിയ ശെമ്മാശൻ, കുഴിമറ്റത്തു പട്ടച്ചേരി അലക്സന്ത്രയോസ് ശെമ്മാശൻ മുതലായ 6 പേർക്ക് കത്തനാരു പട്ടവും രണ്ട് കുട്ടികൾക്ക് കോറൂയോ പട്ടവും കൊടുത്തു.

1912 കുംഭം 4-ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ കല്ലടക്കാരൻ ഒരു കോറൂയോയ്ക്കും പത്തിച്ചിറ പള്ളി ഇടവകയിലെ 2 കോറൂയെൻമാർക്കും ശെമ്മാശു പട്ടം കൊടുത്തു. 5-ന് ടി. പള്ളിയിൽ വെച്ച് മെത്രാപ്പോലീത്താ കാലത്തെ നമസ്കാരം കഴിഞ്ഞ് സൈത്തുകൂദാശ കഴിക്കയും അതിന്റെ ശേഷം കുർബ്ബാന ചൊല്ലി നിരണത്തു പള്ളിയിലെ ഒരു ശെമ്മാശനും തലെ ദിവസം പട്ടം കൊടുത്ത 3 ശെമ്മാശന്മാർക്കും കത്തനാരു പട്ടവും ഇരവിപേരൂർക്കാർ 2 പൈതങ്ങൾക്ക് കോറൂയാ പട്ടവും കൊടുക്കുകയും ചെയ്തു.

ഇടവം ... അന്ന് പൊന്നിന്റെ വെള്ളിയാഴ്ച ആയതിനാൽ കുർബാന ചൊല്ലി ചന്ദനപ്പള്ളിക്കാർ 2 പൈതങ്ങൾക്ക് പട്ടം കൊടുത്തു.

1912 ന്നു 1088 ചിങ്ങ മാസം 26-ന് കഥാനായകൻ വാകത്താനത്തു പള്ളിയിൽ കുർബാന ചൊല്ലി. അന്നേദിവസം പരുമല വെച്ചു അബ്ദെദ് മ്ശിഹാ പാത്രിയർക്കീസു ബാവാ മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് ഈ മെത്രാച്ചൻമാരുടെ സഹകരണത്തോടെ കല്ലാച്ചേരിൽ പുന്നൂസു റമ്പാച്ചനെ ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായി പട്ടാഭിഷേകം ചെയ്തു.

മെത്രാൻ സ്ഥാനാരോഹണം (1913)

1913 മകരം 26-ന് പാത്രിയർക്കീസു ബാവായും മറ്റും ചെങ്ങന്നൂർ പള്ളിയിലേക്ക് നീങ്ങത്തക്കവണ്ണം ഒരുങ്ങിയിരിക്കയാൽ കഥാനായകൻ കാലത്തെ തന്നെ തനതു വള്ളം പിടിച്ച് ചെങ്ങന്നൂർക്ക് പോകയും ഉച്ചകഴിഞ്ഞ് അവിടെ എത്തുകയും ചെയ്തു. അപ്പോൾ അവിടെ കോട്ടയത്തു നിന്നും കാതോലിക്കാ ബാവായും മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും കാലത്തെതന്നെ എത്തീട്ടുണ്ടായിരുന്നു. മെത്രാച്ചനുമായി തമ്മിൽ കണ്ടപ്പോൾ സ്ഥാനം ഏൽക്കുന്നതിനെക്കുറിച്ച് പറകയും വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഇതിൽ നിന്നും കഥാനായകനെ ഒഴിച്ചുവിടണമെന്ന് അറിയിക്കയും സമ്മതിക്കാഞ്ഞതിനാൽ ദൈവേഷ്ടം പോലെ വരട്ടെ എന്നു വച്ച് സമ്മതിക്കയും ചെയ്തു. 4 മണിയോടു കൂടെ ബാവായും പരിവാരങ്ങളും വലിയ എതിരേൽപ്പോടെ അവിടെ വന്നുചേരുകയും ചെയ്തു. വന്നയുടനെ ബാവാ ചെങ്ങന്നൂർ പള്ളിയുടെ വടക്കുവശത്ത് നന്നായി അടുത്തിരിക്കുന്ന പള്ളിയിൽ കയറി പ്രാർത്ഥന കഴിക്കയും പിന്നീട് പഴയ വലിയ പള്ളിയിലും എത്തി ലുത്തിനിയായും ഒരു ചെറിയ പ്രസംഗവും കഴിച്ച് അവിടെ താമസിക്കയും രാത്രി 9 മണി കഴിഞ്ഞ് സ്ഥാനം ഏൽക്കുവാൻ നിശ്ചയിച്ചിരുന്നവരെ കൊണ്ട് ശൽമൂസായിൽ ഒപ്പു വയ്പിക്കയും കൈമുത്തിക്കയും ചെയ്തു. സ്ഥാനം ഏൽക്കേണ്ടവർ രാത്രി നമസ്കാരം കൊണ്ടും മസുമൂറാ വായന കൊണ്ടും സമയം കഴിച്ചു.

27-ന് കാലത്തെ എല്ലാവരും പള്ളിയകത്തിറങ്ങി നമസ്കാരം കഴിക്കയും ബാവാ കുർബാനക്കാരംഭിക്കയും ചെയ്തു. വിശ്വാസപ്രമാണം കഴിഞ്ഞ് സ്ഥാനം ഏൾക്കുന്ന യൂയാക്കിം റമ്പാനെയും കഥാനായകനെയും ബാവായുടെ കൈ മുത്തിച്ചു കൊണ്ട് പള്ളിയുടെ വടക്കു വശത്ത് ബാവാ ഇരിക്കുന്നതിനായി കെട്ടിഒരുക്കിയിരുന്ന മുറിയിലേക്ക് കൊണ്ടുപോയി രണ്ട് കസേരയിൽ തലയും മുഖവും ശോശാപ്പാ ഇട്ട് മൂടി ഇരുത്തുകയും ശേഷം പേർ പള്ളിയകത്തേക്ക് പോയി കുർബാനയിൽ സംബന്ധിക്കയും ബസുമുൽക്കാ സമയത്ത് മെത്രാച്ചൻമാരും റമ്പാച്ചൻമാരും പട്ടക്കാരും ശെമ്മാശൻമാരും വടക്കേ മുറിയിലേക്ക് വന്ന് സ്ഥാനാർത്ഥികളെ മദ്ബഹായിലേക്കും മറ്റും കൊണ്ടുപോകയും കാതോലിക്കാ ബാവായും മെത്രാച്ചൻമാരും റമ്പാച്ചൻമാരും കൂടി പട്ടംകൊടയുടെ ക്രമം കഴിച്ചു തുടങ്ങുകയും ചെയ്തു. സ്ഥാനാർത്ഥികൾ രണ്ടു പേരും പള്ളിനടയിൽ വച്ച് സുറിയാനി ഭാഷയിൽ ശൽമൂസ വായിച്ച് സ്ഥാനാഭിഷേക സമയത്ത് യൂയാക്കിം റമ്പാന് ഈവാനിയോസെന്നും കഥാനായകന് പീലക്സിനോസ് എന്നും നാമകരണം ചെയ്തു. അതു കഴിഞ്ഞ് എല്ലാവരും ഉക്സിയോസ മൂന്നു പ്രാവശ്യം ചൊല്ലി. അപ്പോൾ സ്ഥാനാർത്ഥികളെ കസേരയിൽ ഇരുത്തി മേൽപ്പോട്ട് ഉയർത്തിയിരുന്നു.

ഇവകളും കുർബാനയും കഴിഞ്ഞ് ബാവായും ശേഷം പേരും മുറിയിലേക്ക് പോകയും പുതിയ മെത്രാച്ചൻമാർ എല്ലാവരേയും കൈമുത്തിക്കയും ചെയ്ത ശേഷം പുതിയ മെത്രാച്ചൻമാരെ ചുവപ്പ് ളോഹയും മറ്റും ധരിപ്പിച്ച് ബാവായുടെ അടുക്കലേക്കു കൊണ്ടുപോയി. "അൽ ഹൗതറഓയും" മറ്റും ചൊല്ലിയ ശേഷം ബാവാ അനുഗ്രഹിക്കയും കൈമുത്തിക്കയും ചെയ്തശേഷം എല്ലാവരും പിരിയുകയും ചെയ്തു. അന്ന് പുതിയ മെത്രാൻമാരുടെ വകയായി ഒരു സദ്യയും കൂടിയിരുന്ന പട്ടക്കാർക്കും മറ്റും കൊടുത്തു. പിന്നീട് ബാവായുടെയും പുതിയ മെത്രാന്മാരുടെയും മറ്റും ഒരു ഫോട്ടോ എടുക്കുകയും ചെയ്തു. അന്നു രാത്രി തന്നെ കഥാനായകൻ ചെങ്ങന്നൂർ നിന്നും വാകത്താനത്തേക്ക് യാത്ര തിരിക്കയും ചെയ്തു.

(തുടരും)

"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്നവിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

- ഡാറയിലെ യോഹന്നാൻ

പുസ്തകം

തിരുവചനം കാലിനു ദീപവും പാതയ്ക്കു പ്രകാശവും


ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

വചനദീപം എന്നാണ് ഈ ഗ്രന്ഥത്തിന്റെ ശീർഷകം. ഇത് കേൾക്കുന്ന മാത്രയിൽ തന്നെ 'നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു' എന്ന സങ്കീർത്തന ശകലം (119:105) നാം ഓർത്തെടുക്കുകയായി. ഒപ്പം ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം അനായാസം പ്രസ്പഷ്ടമാവുകയുമായി. ദൈവവചനത്താൽ ദീപ്തമാവണം ജീവിതം എന്ന സന്ദേശം സ്വയമേവ സംവേദിക്കപ്പെടുകയുമായി. ജീവിതം ദൈവവചനനാനുസരണം ക്രമീകൃതമാവണം. എങ്കിലേ പൂർണ്ണതയിലേക്ക് വളരാനാവൂ എന്ന ശക്തമായ അനുശാസനവും ഇതോടു ചേർന്നു വരുന്നു. ദൈവവചനത്തിലേക്ക് തിരിയൂ എന്ന നിർദ്ദേശവും നാം കേൾക്കുകയായി. ഇങ്ങനെ വചനത്തെ ചുറ്റിപ്പറ്റി ഒരു പറ്റം സൂചനകൾ ഈ ഗ്രന്ഥത്തിന്റെ തലക്കെട്ടു തന്നെ നൽകിക്കഴിഞ്ഞു.

വചനദീപം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം ആരാധനാ വർഷത്തിലെ ഏറ്റം പ്രധാനമായ വലിയനോമ്പു കാലത്തെ വേദവായനകളും ആരാധനാനുഷ്ഠാനങ്ങളും ചേർത്തിണങ്ങി വരുന്ന പരിചിന്തനങ്ങൾ പങ്കുവയ്ക്കുന്നു. 95 പുറങ്ങൾ ഇതിനായി വേർതിരിക്കുന്നു. രണ്ടും മൂന്നും ഭാഗങ്ങൾ ദൈവവചനത്തിൽ പൂർണ്ണമായും ഊന്നി നിന്നുകൊണ്ടുള്ള ആധ്യാത്മിക ചിന്തകൾ പങ്കുവയ്ക്കുന്നു. രണ്ടാം ഭാഗം രണ്ട് അധ്യായങ്ങൾ ഉൾക്കൊള്ളുന്നു. ചെറിയ പ്രവാചകന്മാരിൽ ഒരുവനായ ആമോസിന്റെ പ്രവചനവും യോനയുടെ പുസ്തകവും. 78 പുറങ്ങളിലായി ആറു അധ്യായങ്ങൾ ഉൾക്കൊള്ളുന്നതാണ് മൂന്നാം ഭാഗം. വേദപുസ്തകത്തിലെ പുരുഷന്മാരും സ്ത്രീകളുമായ ദൈവഭക്തരുടെ ജീവിതവും സന്ദേശവും പ്രധാനമായും ചർച്ചാവിധേയമാക്കുകയാണ് ഈ ഭാഗത്തും. ആദ്യന്തം ദൈവവചനം കൊണ്ട് സമ്പുഷ്ടവും സമ്പന്നവുമായ പര്യാലോചനകൾ വായിക്കാനും മനനം ചെയ്യാനും സ്വാംശീകരിക്കാനും സഹായകമായി വരുന്നു. ദൈവവചനത്തിൽ ആമഗ്നമാക്കിയും ആധ്യാത്മികവും ഭൗതികവുമായ തലങ്ങൾ ചേർത്തിണക്കിയും ജീവിതം ധന്യവും സംതൃപ്തവുമാക്കി എങ്ങനെ രൂപപ്പെടുത്തിയെടുക്കാം എന്ന് സ്വയം ആരാഞ്ഞും അന്വേഷിച്ചുംകൊണ്ട് നടന്നു നീങ്ങുന്ന ഗ്രന്ഥകർത്താവിന്റെ ആളത്വം അതിന്റെ തനിമയിലും നേർമ്മയിലും നമ്മുടെ മുമ്പിൽ നിൽക്കുന്നതായും നാം കാണുന്നു. ഇത് വിശ്വാസ ജീവിതത്തിന് ഒരു മാതൃകയായും വരുന്നു.

ആരാധനയും ദൈവവചനവും ചേർത്തിണക്കുന്ന ആധ്യാത്മികതയാണ് ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിന്റെ സവിശേഷത. ഇതേ സംബന്ധിച്ച് ഔപചാരികമായ പഠനമോ, വിശകലനമോ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുന്നില്ല. അങ്ങനെ ഉദ്ദേശിക്കുന്നുമില്ലല്ലോ. എന്നാൽ ഈ ഗ്രന്ഥത്തിൽ അന്തർധാരയായി കാണുന്നത് ഓർത്തഡോക്സ് ആധ്യാത്മികതയിൽ കാണുന്ന ആരാധനയും ദൈവവചനവും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ്. ഇത് ഒരു ഭക്തനായ ഓർത്തഡോക്സ് വിശ്വാസിയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന്റെ നിദർശനം കൂടിയാണ് ഈ ഗ്രന്ഥം. ഉദാഹരണമായി ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം എടുക്കാം. ആകെയുള്ള 219 പുറങ്ങളിൽ 93 പുറങ്ങൾ ഉള്ളതാണ് ഒന്നാം ഭാഗം. വലിയ നോമ്പു കാലത്തെ ഞായറാഴ്ചകളിലേയും പ്രധാന ദിവസങ്ങളിലേയും വേദവായനകളിൽ, പ്രത്യേകിച്ചും സുവിശേഷങ്ങളിൽ നിന്നുള്ള വായനകളിൽ, അടങ്ങിയിരിക്കുന്ന സന്ദേശങ്ങളുടെ അനുധ്യാനങ്ങളാണ് ഈ ഭാഗത്തെ ഉള്ളടക്കം.

ആരാധനാ വർഷത്തിലെ ഓരോ ഞായറാഴ്ചകൾക്കും ദിനങ്ങൾക്കുമുള്ള പ്രാധാന്യം, അതതു ദിനങ്ങൾക്കായി ക്രമീകരിച്ചിക്കുന്ന വേദവായനകളിലൂടെ പ്രതിഫലിക്കുന്നു. ഓരോ ദിനങ്ങളിലേയും ആരാധനയുടെ നിഷ്ഠകളും ചര്യകളും കർമ്മങ്ങളും വേദവായനകളുടെ പൊരുളും പ്രസക്തിയും; ഇവയെല്ലാം കൂടി സമഞ്ജസമായി സമ്മേളിച്ചുണ്ടാകുന്നതു വഴി നമ്മുടെ മനോവാക്കർമ്മങ്ങൾക്കുണ്ടാകുന്ന ശുദ്ധിയും ശ്രദ്ധയും; തന്മൂലം നമ്മിലും നമ്മുടെ ചുറ്റുപാടിലുള്ളവർക്കും ഉണ്ടാക്കുന്ന രൂപാന്തരം; ഇതിന്റെയെല്ലാം പ്രതിസ്പന്ദനമെന്നോണമാണ് വചനദീപത്തിലെ ഒന്നാം ഭാഗം നാം വിലയിരുത്തുക.



ദൈവവചനത്തിൽ അധിഷ്ഠിതമാവണം ക്രിസ്തീയ ജീവിതം എന്ന പ്രമാണത്തിൽ ഊന്നിനിന്നുകൊണ്ടും ആരാധനയും ആധ്യാത്മികാനുഷ്ഠാനങ്ങളും ദൈവവചനത്തെ എങ്ങനെ ചേർത്തിണക്കിയിരിക്കുന്നു എന്ന് രുചിച്ചറിഞ്ഞും ക്രിസ്തീയജീവിതത്തെ പാകപ്പെടുത്തിയെടുത്ത ഒരു ഭക്തന്റെ ദൈവവചന ധ്യാനചിന്തകൾ ഈ ഗ്രന്ഥത്തെ ധന്യമാക്കുന്നു.

വചനം പ്രകർഷേണമാവുന്നത് പ്രവചനം. കാലദേശഭേദങ്ങളെ ഉല്ലംഘിച്ച് അത് സത്യസന്ധവും കാലിക പ്രസക്തവുമായി വരുന്ന ദൈവവചനമത്രെ. ദൈവീക രഹസ്യങ്ങളിലേക്ക് ഉപനീതരായി ദൈവേച്ഛ തിരിച്ചറിയുന്ന ദൈവപുരുഷന്മാരുടെ വചനങ്ങൾ എക്കാലവും പുതുമയാർന്നു വരുന്നു. ചോദ്യങ്ങൾ ഉന്നയിച്ചും വെല്ലുവിളിച്ചും സ്വയപരിശോധനയ്ക്കും പുനസ്സമർപ്പണത്തിനും ആവശ്യപ്പെട്ടും പ്രവാചകൻ എക്കാലവും സംസാരിച്ചുകൊണ്ടിരിക്കുന്നു. 'നീതിമാനെ പണത്തിനും ദരിദ്രനെ ഒരുക്കൂട്ടു ചെരിപ്പിനും വിറ്റുകളയുന്നവർ' (ആമോസ് 2:6); 'ന്യായം പ്രവർത്തിപ്പാൻ അറിയാത്തവർ' (3:10); 'എളിയവരെ പീഡിപ്പിക്കയും ദരിദ്രനെ തകർക്കുകയും ചെയ്യുന്നവർ' (4:1); 'ന്യായത്തെ കാഞ്ഞിരമാക്കിത്തീർക്കുകയും നീതിയെ നിലത്തു തള്ളിയിടുകയും ചെയ്യുന്നവർ' (5:7); 'ന്യായത്തെ നഞ്ചായും നീതിഫലത്തെ കാഞ്ഞിരമായും മാറ്റുന്നവർ' (6:13, 8:14); 'ദരിദ്രരെ വിഴുങ്ങുവാനും ദേശത്തിലെ സാധുക്കളെ ഇല്ലാതാക്കുവാനും പോകുന്നവർ' (8:6); 'അനർത്ഥം ഞങ്ങളെ തുടർന്നെത്തുകയില്ല എത്തിപ്പിടിക്കുകയുമില്ല എന്നു പറയുന്നവർ' (9:10); ഇങ്ങനെ ദൈവത്തോട് മറുതലിച്ചും നീതിയും ന്യായവും തകർത്തും പഴുപ്പു കയറിയ സമൂഹത്തോട് (8:1, 2) പ്രവചിക്കുവാൻ യഹോവ വിളിച്ചു നിയോഗിച്ച ദൈവപുരുഷനാണ് ആമോസ് (7:15). തൂക്കുകട്ട തൂക്കിയുണ്ടാക്കിയ മതിലിന്മേൽ തൂക്കുകട്ട പിടിച്ചുകൊണ്ടു നിൽക്കുന്ന കർത്താവിനെ ആമോസ് കാണുന്നു. ഇത് ദൈവത്തിൽ നിന്നുള്ള ശക്തവും കർക്കശവുമായ ഒരു വിധിതീർപ്പും താക്കീതുമായി ആമോസ് ജനത്തെ അറിയിക്കുന്നു. ഇങ്ങനെയൊരു പ്രവചനത്തെ ഗ്രന്ഥകർത്താവ് വീണ്ടും അവതരിപ്പിക്കുന്നു. അനുവാചകർക്ക് ഒരു പുതുവായനയ്ക്കും പുനർവ്യാഖ്യാനത്തിനും ഇട നൽകുന്നു.

ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് രണ്ടാം അധ്യായമായി യോനയുടെ പുസ്തകം സംബന്ധിച്ച ധ്യാനപഠനം ചേർത്തിരിക്കുന്നു. ദൈവത്തിന്റെ വിളിയ്ക്കും നിയോഗത്തിനും ചപലതയോടെ തനതായ വ്യാഖ്യാനവും വഴിയും കണ്ടെത്തി ദൈവപദ്ധതിയിൽ നിന്ന് ഗതിമാറി അകന്നു പോകുന്ന യോനയെ

വിടാതെ പിന്തുടരുന്ന ദൈവം സമുദ്രത്തിൽ എറിയപ്പെട്ട യോനയെ തിമിംഗലം വഴി സംരക്ഷിക്കുന്നു. 'രക്ഷ യഹോവയുടെ പക്കൽ നിന്നു വരുന്നു' (2:9) എന്നു തിരിച്ചറിയുന്ന യോന. രണ്ടാം പ്രാവശ്യവും നിനുവയിലേക്ക് യോനയെ ദൈവം അയക്കുന്നു. അവിടെ യോന മാനസ്സാന്തരത്തിന്റെ ദൂത് അറിയിക്കുന്നു. നിനുവയർ അനുതപിക്കുമ്പോൾ ദൈവം പൊറുക്കുന്നു. ഇതു കാൺകെ, ദൈവത്തിന്റെ അനന്തമായ ക്ഷമ ഉൾക്കൊള്ളാനാവാതെ വിഷണ്ണനായി ആവണക്കിന്റെ തണലിൽ വിശ്രമിക്കുന്ന യോന. ദൈവകൃപ തരഭേദമെന്യേ പെയ്തിറങ്ങുന്നു. വർഗ്ഗവർണ്ണലിംഗഭേദമില്ലാതെ സർവ്വത്തേയും ഒരു പോലെ നനെക്കുന്നു. ജീവന്റെ പ്രവാഹമായി ഒഴുകിയിറങ്ങി ഊഷരമായതെല്ലാം ഊർവ്വരമാക്കി രൂപാന്തരപ്പെടുത്തുന്ന ദൈവം. അന്യാദൃശമായൊരു സാർവ്വത്രിക രക്ഷാപദ്ധതി, സർവ്വാശ്ലേഷിയായ ദൈവകാരുണ്യം, ഉപാധികളില്ലാത്ത പാപപ്പൊറുതി, സുവിശേഷ പ്രഘോഷണത്തിനും മാനസ്സാന്തരത്തിനും അതിരുകളില്ലാത്ത ദൈവസ്നേഹത്തിനും വികസ്വരമാവുന്ന ചക്രവാളം. വൈരുദ്ധ്യമെന്നു പറയട്ടെ, മാനസ്സാന്തരത്തിന്റെ പ്രഘോഷകനായ യോന ഇടുങ്ങിയ ഹൃദയവുമായി ദൈവകൃപയുടെ വിശാലത ഉൾക്കൊള്ളാനാവാതെ താൽക്കാലികതയുടെ പ്രതീകമായ ആവണക്കു ചെടിയുടെ തണലിൽ സ്വയം ചുരുക്കിക്കളയുന്നു.

ആമോസിന്റെ പ്രവചനവും യോനയുടെ പുസ്തകവും വ്യത്യസ്ത പശ്ചാത്തലങ്ങളിലെങ്കിലും പഴയനിയമ ഗ്രന്ഥങ്ങളിൽ അവാച്യമായ മാധുര്യം പകരുന്ന രണ്ടു ഗ്രന്ഥങ്ങളാണ്. ഇവയുടെ അസ്വാദ്യത രുചിച്ചറിഞ്ഞ് ആ അനുഭവത്തിലേക്ക് ഗ്രന്ഥകർത്താവ് സ്വതസിദ്ധമായ ശൈലിയിൽ അനുവാചകരെ ആനയിക്കുകയായി.

വചനദീപം മൂന്നാം ഭാഗത്തിൽ 78 പുറങ്ങളിലായി ആറു അധ്യായങ്ങൾ ഉണ്ട്. യൗസേഫ്, ശിംശോൻ, ദാവീദ്, ഈയ്യോബ് എന്നിവരും ദൈവത്തോടൊപ്പം നടന്ന ഹാനോക്കും കർത്താവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീർന്ന മഗ്ദലക്കാരി മറിയയും ക്രൂശിൻചുവട്ടിലെ മറിയയും ബഥാന്യയിലെ മറിയയും ഇങ്ങനെ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള ദൈവഭക്തരുടെ പുണ്യജീവിതത്തിൽ നിന്നും ഉൾക്കൊള്ളാനാവുന്ന പാഠങ്ങൾ മൂന്ന് അധ്യായങ്ങളിലായി ചർച്ച ചെയ്യുന്നു. അന്യം നിന്ന് പോകുന്ന മാതൃകകൾ പുനഃസൃഷ്ടിച്ചെടുക്കുന്ന സന്ദർഭങ്ങളായി സംഭവിക്കുകയാണ് ഈ വായനകളും പുനർവായനകളും, ഗ്രന്ഥകർത്താവിനും ഒപ്പം അനുവാചകർക്കും.

പ്രാവ്, ഉറവ, സ്വർഗ്ഗരാജ്യമെന്ന മുന്തിരിത്തോപ്പിലെ വേല എന്നീ മൂന്ന് അധ്യായങ്ങൾ കൊച്ചു കൊച്ചു ചിന്തകളും ആധ്യാത്മിക മൂല്യങ്ങളും പകർന്നുതരുന്ന അവസരങ്ങളായി പാകപ്പെടുത്തിയിരിക്കുന്നു.

ഉപസംഹാരം

ദൈവവചനത്തിൽ അധിഷ്ഠിതമാവണം ക്രിസ്തീയ ജീവിതം എന്ന പ്രമാണത്തിൽ ഊന്നിനിന്നുകൊണ്ടും ആരാധനയും ആധ്യാത്മികാനുഷ്ഠാനങ്ങളും ദൈവവചനത്തെ എങ്ങനെ ചേർത്തിണക്കിയിരിക്കുന്നു എന്ന് രുചിച്ചറിഞ്ഞും ക്രിസ്തീയജീവിതത്തെ പാകപ്പെടുത്തിയെടുത്ത ഒരു ഭക്തന്റെ ദൈവവചന ധ്യാനചിന്തകൾ ഈ ഗ്രന്ഥത്തെ ധന്യമാക്കുന്നു. വേദപുസ്തകത്തിലെ വനിതകളും പുരുഷൻമാരുമായ ഒരുപറ്റം ദൈവഭക്തരുടെ ജീവിതം വായിച്ചും വ്യാഖ്യാനിച്ചും ഇന്നു നേരിടുന്ന വെല്ലുവിളികളെ ദൈവാശ്രയത്തോടെ അഭിമുഖീകരിക്കാൻ സഹായകമാകുംവിധം ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ദൈവവചനം കൊണ്ട് ദീപ്തമായ ജീവിതമാതൃക നമ്മുടെ ആന്തരത്തിൽ തെളിഞ്ഞു നിൽക്കാൻ സഹായകമായ ആലോചനകളും നിർദ്ദേശങ്ങളുംകൊണ്ട് സമ്പന്നമാണീ ഗ്രന്ഥം. ബുദ്ധിപരമായ അന്വേഷണങ്ങളും പ്രായോഗികജീവിതത്തിലെ ആധ്യാത്മിക അനുഭവങ്ങളും ഇഴചേർത്തിണക്കി പ്രോജ്വലിപ്പിച്ചെടുത്ത വചനവെളിച്ചം ഈ ഗ്രന്ഥത്തെ ഏറെ തെളിമയുള്ളതാക്കിയിരിക്കുന്നു. ഗാർഹികവും ഔദ്യോഗികവുമായ ബഹുകാര്യ വ്യഗ്രമായ ജീവിതത്തിനിടെ കുറിച്ചു വച്ച ചിന്തകൾ സമാഹരിച്ചെടുത്ത് അനേകർക്ക് പ്രയോജനപ്പെടുംവിധം പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിൽ ഗ്രന്ഥകർത്താവ് കാട്ടിയ ഉത്സാഹം ശ്ലാഘനീയമായിരിക്കുന്നു. ഈ ആമുഖവാക്കുകളോടെ ഈ ഗ്രന്ഥം സഹൃദയസമക്ഷം സവിനയം അവതരിപ്പിച്ചുകൊള്ളുന്നു. ഗ്രന്ഥത്തേയും ഗ്രന്ഥകർത്താവിനേയും ദൈവം അനുഗ്രഹിക്കട്ടെ.

വചനദീപം

ഡേവിഡ് ദാനിയേൽ

പ്രസാധകർ: സോഫിയാ ബുക്സ്, തിരുനക്കര, കോട്ടയം

◆





നവജ്യോതി മോംസിന്റെ കോട്ടയം ഭദ്രാസന പ്രവർത്തന ഉദ്ഘാടനം വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവഹിച്ചു. 'ഭവനത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയുടെ ഭാഗമായി അഗ്രികൾച്ചറൽ റിട്ട. അസിസ്റ്റന്റ് ഡയറക്ടർ കോര തോമസ് ക്ലാസ് നയിച്ചു. പങ്കെടുത്ത മർത്തമറിയം സമാജ അംഗങ്ങൾക്ക് പച്ചക്കറി തൈകളും വിത്തുകളും സൗജന്യമായി വിതരണം ചെയ്തു.

പൗലോസ് ശ്ലീഹ തീമോത്തിയോസിനു എഴുതിയ ഒന്നാം ലേഖനം: സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ വ്യാഖ്യാനം

ഫാ. ജോബ് സാം മാത്യു
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)



രണ്ടാം പ്രസംഗം

"ആജ്ഞയുടെ ഉദ്ദേശ്യമോ: ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജ വിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ. ചിലർ ഇവ വിട്ടുമാറി വ്യർത്ഥവാദത്തിലേക്കു തിരിഞ്ഞു ധർമ്മോപദേഷ്ടാക്കന്മാരായിരിക്കുവാൻ ഇച്ഛിക്കുന്നു; തങ്ങൾ പറയുന്നത് ഇന്നത് എന്നും സ്ഥാപിക്കുന്നത് ഇന്നതെന്നും ഗ്രഹിക്കുന്നില്ല താനും."

സൗഹൃദത്തിന്റെ വിലയില്ലാതാക്കുന്നതും അത് ഏറ്റവും ഉത്സാഹത്തോടെ പരിപോഷിപ്പിക്കാതിരിക്കുന്നതിനും തുല്യമായി മനുഷ്യരാശിക്കു ഹാനികരമായ മറ്റൊന്നില്ല. നാം പരമാവധി താൽപര്യത്തോടെ സൗഹൃദങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കണം. 'ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും' (മത്തായി 18:19) എന്നും 'അധർമ്മം പെരുകുന്നതുകൊണ്ടു അനേകരുടെ സ്നേഹം തണുത്തുപോകും' (മത്തായി 24:12) എന്നും ക്രിസ്തു പറഞ്ഞിട്ടുണ്ട്. ഇതാണ് എല്ലാ വേദവിപരീതങ്ങളുടെയും സാഹചര്യം. മനുഷ്യർ തങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കാത്തതിനാൽ, ഉന്നതസ്ഥാനത്തുള്ളവരോടു അസൂയപ്പെടുകയും അധികാരത്തിനായി ശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ അധികാരത്തോടുള്ള സ്നേഹത്താൽ വേദവിപരീതങ്ങൾ അവതരിപ്പിക്കുന്നു (The love of power have introduced heresies). അതിനാലാണ് പൗലോസ് 'അന്യഥാ ഉപദേശിക്കരുതെന്ന്' ചിലരോടു ആജ്ഞാപിക്കണമെന്ന് പറയുന്നത്. ഇത് ആവിഷ്കരിക്കുന്നത് കാരുണ്യത്താലാണ്. 'ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു' (റോമർ 10:4). അതായത് ഇതിന്റെ പൂർണ്ണതയാകുന്നു. അത് പഴയതുമായി സ്നേഹത്താൽ ബന്ധപ്പെട്ടിരിക്കുന്നു.


ഔഷധത്തിലൂടെ ആരോഗ്യം ലഭിക്കുന്നു. ആരോഗ്യമുണ്ടെങ്കിൽ ഔഷധം ആവശ്യമില്ല. സ്നേഹമുണ്ടെങ്കിൽ ആജ്ഞാപിക്കേണ്ട ആവശ്യമില്ല. ആത്മാർത്ഥമായത് വാക്കുകളിൽ മാത്രമല്ല, മനോഭാവം, വികാരം, സഹതാപം (disposition, sentiment and sympathy) എന്നിവയിൽ നിന്നും ഒഴുകുന്നു. "ശുദ്ധഹൃദയത്തിൽ" നിന്നും ശ്രേഷ്ഠമായ സംഭാഷണവും ആത്മാർത്ഥമായ വാത്സല്യവും (right conversation or sincere affection) ഉണ്ടാകും. അശുദ്ധമായ ജീവിതം ഭിന്നതകൾ ഉളവാക്കുന്നു. 'തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകയ്ക്കുന്നു' (യോഹ. 3:20). ദുഷ്ടന്മാർക്കിടയിലും സൗഹൃദമുണ്ട്. കവർച്ചക്കാരും കൊലപാതകികളും പരസ്പരം സ്നേഹിച്ചേക്കാം. എന്നാൽ അവയൊന്നും നല്ല മനസ്സാക്ഷിയിൽ (good conscience) നിന്നോ ശുദ്ധമായ ഹൃദയത്തിൽ നിന്നോ അല്ല. മറിച്ച് അശുദ്ധമായ ഹൃദയത്തിൽ നിന്നുമാണ്. അവർക്കുള്ളത് നിഷ്കളങ്കമായ വിശ്വാസമല്ല. മറിച്ച് കാപട്യവും വ്യാജവുമുള്ള വിശ്വാസമാണ്. എന്തെന്നാൽ വിശ്വാസം സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആത്മാർത്ഥമായ വിശ്വാസം സ്നേഹത്തെ ഉളവാക്കുന്നു (ശെിരലൃല ളമശവേ ുൃീറൗരലെ ഹീ്ല). അത് ദൈവത്തിൽ യഥാർത്ഥമായി വിശ്വസിക്കുന്ന വ്യക്തിക്ക് ഉപേക്ഷിക്കുവാൻ കഴിയുകയില്ല.

'ചിലർ ഇവ വിട്ടു മാറി വ്യർത്ഥവാദത്തിലേക്കു തിരിഞ്ഞു."

ലക്ഷ്യം തെറ്റി ചെയ്യുവാൻ വൈദഗ്ദ്ധ്യം ആവശ്യമില്ല. എന്നാൽ ആത്മാവിന്റെ ദിശയിലേക്ക്, അടയാളത്തിന്റെ അരികിലേക്ക് ഉന്നം വയ്ക്കാൻ വൈദഗ്ദ്ധ്യം ആവശ്യമാണ്. ശരിയായ ദിശയിൽ നിന്നും നമ്മെ അകറ്റുന്ന ധാരാളം സംഗതികളുണ്ട്. എന്നാൽ നമ്മൾ ഒരു ലക്ഷ്യത്തിലേക്ക് മാത്രം നോക്കണം.

'ധർമ്മോപദേഷ്ടാക്കന്മാരായിരിക്കുവാൻ ഇച്ഛിക്കുന്നു.'

തിന്മയുടെ മറ്റൊരു കാരണമായ അധികാരത്തോടുള്ള ആസക്തി (love of power) ഇവിടെ നമുക്ക് കാണാം. 'നിങ്ങളോ റബ്ബി എന്നു പേര് എടുക്കരുത്' (മത്തായി 23:8) എന്ന് ക്രിസ്തു പറഞ്ഞത് ഇതിനാലാണ്. 'നിങ്ങളുടെ ജഡത്തിൽ പ്രശംസിക്കണം എന്നുവച്ചു നിങ്ങൾ പരിശോധന ഏൽക്കുവാൻ അവർ ഇച്ഛിക്കുന്നതേയുള്ളൂ' (ഗലാത്യ 6:13) എന്ന് പൗലോസും പറഞ്ഞിട്ടുണ്ട്. അത്തരക്കാർ പ്രഥമ സ്ഥാനങ്ങൾ ഇഷ്ടപ്പെടുന്നതിനാൽ സത്യത്തെ തമസ്കരിക്കുന്നു.



'തങ്ങൾ പറയുന്നത് ഇന്നത് എന്നും സ്ഥാപിക്കുന്നത് ഇന്നതെന്നും ഗ്രഹിക്കുന്നില്ല താനും.'

അവർക്ക് ന്യായപ്രമാണത്തിന്റെ അവസാനവും ലക്ഷ്യവും അതിനു അധികാരമുള്ള കാലഘട്ടവും അറിയാത്തതിനാൽ പൗലോസ് അവരെ കുറ്റപ്പെടുത്തുന്നു. എന്നാൽ അത് അജ്ഞതയാലാണെങ്കിൽ പിന്നെ എങ്ങനെയാണ് പാപം എന്നു വിളിക്കുക? ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാക്കളാകുവാനുള്ള താത്പര്യത്തിലും, സ്നേഹം നിലനിർത്താത്തതിനാലുമാണ പാപം ഉണ്ടാകുന്നത്. ഈ കാരണങ്ങളിൽ നിന്നുമാണ് അവരുടെ അജ്ഞത ഉടലെടുക്കുന്നത്. ജഡീക കാര്യങ്ങൾക്കായി ആത്മാവ് മുന്നിട്ടിറങ്ങുമ്പോൾ അതിന്റെ കാഴ്ചയുടെ വ്യക്തത മങ്ങുന്നു (the clearness of its vision is dimmed). അത് സ്നേഹത്തിൽ നിന്നും കലഹത്തിലേക്ക് വീഴുന്നു (fall from love into contentiounsess). മനസ്സിന്റെ നയനങ്ങൾ അന്ധമാകുന്നു (the eye of the mind

is blinded). എന്തെന്നാൽ, ഇത്തരം ക്ഷണികമായ കാര്യങ്ങളിലുള്ള ആഗ്രഹ മെന്ന ലഹരിയിൽ മുഴുകിയാൽ ഒരുവന് സത്യത്തിന്റെ നിഷ്പക്ഷ വിധികർത്താവാകാൻ (impartial judge of truth) കഴിയുകയില്ല.

'സ്ഥാപിക്കുന്നത് ഇന്നതെന്നും ഗ്രഹിക്കുന്നില്ല.'

അവർ ന്യായപ്രമാണത്തെക്കുറിച്ച് സംസാരിക്കുകയും, അതുമായി ബന്ധപ്പെട്ട ശുദ്ധീകരണ കർമ്മങ്ങൾ, ശാരീരികമായ ആചരണങ്ങൾ എന്നിവയെക്കുറിച്ച് വിപുലമാക്കുകയും ചെയ്യാം. ന്യായപ്രമാണത്തെ തള്ളിക്കളയുകയോ അല്ലെങ്കിൽ ആത്മീയ കാര്യങ്ങളുടെ നിഴലും പ്രാഗ്‌രൂപവും എന്ന നിലയിൽ കണക്കാക്കുകയോ ചെയ്യുന്ന അപ്പോസ്തലൻ, പത്തു കൽപ്പനകളെ (the Decalogue) ന്യായപ്രമാണം എന്ന് വിശേഷിപ്പിച്ച്, മറ്റുള്ളവയെ തള്ളി മുന്നോട്ടു പോകുന്നു. ഈ കൽപ്പനകൾ പോലും നിയമലംഘകരെ ശിക്ഷിക്കുന്നെങ്കിലും നമുക്ക് പ്രയോജനം ഇല്ലാത്തതായിത്തീരുന്നെങ്കിൽ മറ്റുള്ളവർക്ക് എത്രത്തോളം.

"അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതുതന്നെ എന്ന് നാം അറിയുന്നു."

ന്യായപ്രമാണം നല്ലതാണെന്നും അല്ല എന്നും അഭിപ്രായങ്ങളുണ്ട്. ഒരാൾ ശരിയായി പാലിക്കുന്നുവെങ്കിലും പാലിക്കുന്നിലെങ്കിലും ന്യായപ്രമാണം നല്ലതുതന്നെയാണ്. ഒരുവൻ അത് പ്രവർത്തികളിലൂടെ നിറവേറ്റുകയാണെങ്കിൽ അത് നിയമാനുസൃതമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ അത് വാക്കുകൾ കൊണ്ട് വ്യാഖ്യാനിക്കുക മാത്രം ചെയ്യുകയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നു എങ്കിൽ അത് നിയമവിരുദ്ധമായി ഉപയോഗിക്കുകയാണ്. അത് പ്രയോജനകരമല്ല. ന്യായപ്രമാണം ശരിയായി പാലിക്കുന്നു എങ്കിൽ അത് നിങ്ങളെ ക്രിസ്തുവിലേക്ക് നയിക്കുന്നു. മനുഷ്യരെ നീതീകരിക്കുക (justify human) എന്നതാണ് ന്യായപ്രമാണത്തിന്റെ ലക്ഷ്യം. എന്നാൽ അത് പ്രാവർത്തികമാക്കുന്നതിൽ നാം പരാജയപ്പെട്ടാൽ, അത് പൂർണ്ണമായി നിർവഹിക്കുവാൻ കഴിയുന്നവനിലേക്ക് അത് നമ്മെ നയിക്കുന്നു.

മേനി നടിക്കുന്നതിനായും ന്യായപ്രമാണം ഉപയോഗിക്കാം. ഒരു കുതിരയെ നിയന്ത്രിക്കാനായി ഉപയോഗിക്കുന്നതിന് പകരം അതിൻറെ കടിഞ്ഞാൺ കാഴ്ചയ്ക്കായി ധരിക്കുന്നതുപോലെയാണത്. ആക്ഷരികമായതലത്തിൽ ഒതുങ്ങാതെ, ആത്മനിയന്ത്രണത്തോടെ ജീവിക്കുന്നവൻ ന്യായപ്രമാണത്തെ ന്യായേന പാലിക്കുകയാണ്. അപ്രകാരമുള്ളവനു അത് തനിക്ക് ആവശ്യമില്ലെന്നു ബോധ്യമുണ്ട്. കാരണം അവൻ ഇപ്പോൾത്തന്നെ ന്യായപ്രമാണം ആവശ്യപ്പെടുന്നതിലതീതമായ നന്മയുള്ളവനാണ്. ഒപ്പം അവൻ അത് നിറവേറ്റുന്നത് ഭയത്താലല്ല, മറിച്ചു സത്യപ്രവർത്തിയുടെ തത്വം ഉൾകൊള്ളുന്നതിനാലാണ്. അതായത്, ഭയത്തോടെയോ പിന്നീട് ലഭിക്കാൻ സാധ്യതയുള്ള ശിക്ഷയെക്കുറിച്ച് വ്യാകുലപ്പെട്ടോ അല്ല, മറിച്ചു മനസാക്ഷിയുടെ മുൻപാകെയുള്ള കുറ്റാരോപണം (condemnation of conscience than the punishment hereafter) ഓർത്താണ്. സത്പ്രവൃത്തികൾ ചെയ്യുന്നവനെയാണ് നീതിമാൻ എന്ന് വിളിക്കുന്നത്.

ന്യായപ്രമാണം കൃത്യമായി പാലിക്കുന്നവനു പ്രത്യേകമായി അതിനെ സംബന്ധിച്ച് ഉപദേശം ആവശ്യമില്ല. പാഠഭാഗത്തെ സംബന്ധിക്കുന്ന മാർഗനിർദേശങ്ങൾ കൃത്യമായി കുട്ടികൾക്ക് നാം നൽകാറുണ്ട്. എന്നാൽ സ്വതന്ത്രമായ വായനയിൽ നിന്നും കൂടുതൽ മനസ്സിലാക്കി പ്രവർത്തിക്കുന്നവനാണ് മികച്ച പഠിതാവ്. നിയമത്തിനുപരിയായവന് നിയമത്തെ സംബന്ധിക്കുന്ന അഭ്യസനം ആവശ്യമില്ല. കാരണം അവൻ നിയമത്തിനു പ്രാധാന്യം നൽകുന്നത് ഭയത്താലല്ല, മറിച്ച് നന്മയോടുള്ള താല്പര്യത്താലാണ് (virtuous inclination). ശിക്ഷയെ ഭയപ്പെടുന്നവൻ അത് പാലിക്കുന്നത് പ്രതിഫലത്തെ ലക്ഷ്യമാക്കുന്നവനെപ്പോലെയല്ല. ന്യായപ്രമാണത്തിനു കീഴിലുള്ളവൻ അതിന് അതീതനായവനെപ്പോലെയല്ല പ്രവർത്തിക്കുന്നത്. ന്യായപ്രമാണത്തിനു ഉപരിയാവുക എന്നാൽ നിയമാനുസൃതമായി ജീവിക്കുക എന്നാണ് അർത്ഥമാക്കുന്നത്. അവൻ ന്യായപ്രമാണത്തിനു അനുസൃതമായി ജീവിക്കുകയും അത് പാലിക്കുകയും അതിനുപരിയായ കാര്യങ്ങൾ നേടുകയും ചെയ്യുന്നു എങ്കിൽ ന്യായപ്രമാണത്തെ സംബന്ധിക്കുന്ന മാർഗ്ഗനിർദേശങ്ങൾ ആവശ്യമില്ല.

തിന്മയെ ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ന്യായപ്രമാണത്തിൽ കൂടുതലായി കാണുന്നത്. എന്നാൽ തിന്മയിൽ നിന്നും അകലുന്നതു മാത്രമല്ല മനുഷ്യനെ നീതിമാനാക്കുന്നത്. പ്രവർത്തിയിൽ നന്മ ആവിഷ്കരിക്കുന്നതു മാണ് (performance of good actions). അതിനാൽ അടിമകളെപ്പോലെ ഭയത്തോടെ തിന്മയിൽ നിന്നും വിട്ടു മാറി നിൽക്കുന്നവർ ന്യായപ്രമാണത്തിന്റെ ലക്ഷ്യത്തിലേക്കെത്തുന്നില്ല. കാരണം നിയമലംഘനം മൂലമുള്ള ശിക്ഷ അവർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അത്തരക്കാർ ന്യായപ്രമാണം പാലിക്കുന്നെങ്കിലും ശിക്ഷയെ ഭയപ്പെടുന്നു. 'അധികാരസ്ഥനെ ഭയപ്പെടാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്യുക' (റോമർ 13:3). ന്യായപ്രമാണം ഭയക്കുന്നത് ദുഷ്ടന്മാർ മാത്രമാണ്. എന്നാൽ കിരീടം പ്രാപിക്കത്തക്ക നിലയിൽ പ്രവർത്തിക്കുന്നവർക്കു ന്യായപ്രമാണത്താൽ എന്തു പ്രയോജനം? ആരോഗ്യവും സൗഖ്യവും ഉള്ളവനല്ല; മുറിവുള്ളവനാണ് വൈദ്യനെ കൊണ്ട് പ്രയോജനം.

'അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൽ, കുലപാതകർ, ദുർനടപ്പുകാർ, പുരുഷമൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്കുപറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നീ വകക്കാർക്കും."

അധർമ്മികൾ, അഭക്തർ (lawless and disobedient) എന്നു യഹൂദന്മാരെയും വിളിക്കുന്നു. ന്യായപ്രമാണം പാപികൾക്കുമേൽ കഠിനമാകും. എന്നാൽ പ്രതിഫലം അഗ്രഹിക്കുന്നവർക്ക് അത് എങ്ങനെയായിരിക്കും? 'ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്' (റോമർ 3:20). 'ന്യായപ്രമാണമോ നീതിമാനല്ല' എന്നാണ് പൗലോസ് പറയുന്നത്. നീതിമാൻ ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ന്യായപ്രമാണത്തിൽ നിന്നും തന്റെ ഉത്തരവാദിത്വങ്ങൾ എന്താണെന്ന് പഠിക്കുക അവനാവശ്യമില്ല. കാരണം അവനെ നയിക്കാൻ അവന്റെ ഉള്ളിൽ ദൈവാത്മാവിന്റെ കൃപയുണ്ട്. ശിക്ഷയെക്കുറിച്ചുള്ള ഭയത്താൽ വിശുദ്ധിയോടെ ജീവിക്കാനാണ് ന്യായപ്രമാണം നൽകിയിരിക്കുന്നത്. മെരുങ്ങിയ കുതിരയ്ക്ക് കടിഞ്ഞാൺ ആവശ്യമില്ല. അധ്യാപകന്റെ നിയന്ത്രണം കൂടാതെ നിർദ്ദേശം പാലിക്കുന്ന വിദ്യാർത്ഥിയെയും ഭയപ്പെടുത്തേണ്ട ആവശ്യമില്ല.

പാപങ്ങൾ എന്ന പൊതുവേ പറയുകയോ, ചിലതു മാത്രം പരാമർശിക്കുകയോ ചെയ്യാതെ പലതരം പാപങ്ങൾ പൗലോസ് ശ്ലീഹ രേഖപ്പെടുത്തുന്നു. ന്യായപ്രമാണത്തിൻ കീഴിലുള്ളവരെ ലജ്ജിപ്പിക്കാനായിരുന്നു ഇത്. പാപത്തിൽ നിന്നു വിട്ടുമാറാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നതിന് ഇവയുടെ പരാമർശം തന്നെ പര്യാപ്തമാണ്. യഹൂദന്മാർ മാതാപിതാക്കളുടെ കൊലപാതകികളുമാണ്. അവർ അശുദ്ധരും ബാഹ്യന്മാരുമാണ്. ഒപ്പം അവർ അനുസരണം കെട്ടവരും പാപികളുമാണ്. അതിനാൽ അവർക്ക് ന്യായപ്രമാണം നിശ്ചയമായും നൽകിയിരിക്കുന്നു. അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നത് തുടരുന്നില്ലേ? അവർ മോശയെ കല്ലെറിഞ്ഞില്ലേ? അവരുടെ ബന്ധുക്കളുടെ രക്തം അവരുടെ കൈകളിലില്ലേ? ഈ കാര്യങ്ങളാൽ പ്രവാചകർ അവരെ നിരന്തരം കുറ്റപ്പെടുത്തുന്നില്ലേ? എന്നാൽ സ്വർഗീയമായ ജ്ഞാനം (heavenly philosophy) ലഭിച്ചവർക്ക് ഈ കൽപ്പനകൾ അനാവശ്യമാണ്. പൗലോസ് ശ്ലീഹാ പരാമർശിക്കുന്ന പാപങ്ങളെല്ലാം ദുഷിതമായ ആത്മാവിൻറെ വികാരങ്ങളാണ് (passions of a corrupted soul). അതിനാൽ സത്യപ്രബോധനത്തിനു വിരുദ്ധവുമാണ് (contrary to sound doctrine).

'ഈ പരിജ്ഞാനം, എങ്കിൽ ഭരമേൽപ്പിച്ചിരിക്കുന്നതായി ധന്യനായ ദൈവത്തിൻറെ മഹത്വമുള്ള സുവിശേഷത്തിന് അനുസാരമായതു തന്നെ'

സുവിശേഷത്തിന്റെ സ്ഥിരീകരണത്തിന് ന്യായപ്രമാണം ഇന്നും ആവശ്യമാണ്. എന്നാൽ അതിനെ പാലിക്കുന്നവർക്ക് അത് അനാവശ്യവും. പൗലോസ് ശ്ലീഹ സുവിശേഷത്തെ വിശേഷിപ്പിക്കുന്നത് മഹത്തരം (glorious) എന്നാണ്. ക്രിസ്തുവിൻറെ കഷ്ടാനുഭവങ്ങളിലും സുവിശേഷത്താലുള്ള പീഡനങ്ങളിലും ലജ്ജിച്ച ചിലരുണ്ടായിരുന്നു. അതിനാൽ അവർക്കും മറ്റുള്ളവർക്കും വേണ്ടി അദ്ദേഹം മഹത്തായ സുവിശേഷം (glorious gospel) എന്ന് വിളിക്കുന്നു. അതിലൂടെ ക്രിസ്തുവിന്റെ പീഡാസഹനം നമ്മുടെ മഹത്വമാണെന്നു തെളിയിച്ചു. ഒരു പക്ഷേ അദ്ദേഹം ഭാവിയിലേക്കും ദൃഷ്ടി വച്ചേക്കാം. കാരണം ഇന്ന് അവഹേളനവും നിന്ദയുമാണെങ്കിൽ, ഇനിമേൽ അങ്ങനെയാകാതെ ഭാവി കാര്യങ്ങൾക്കായുള്ള സുവിശേഷമാണുള്ളത്.

അതിനാലാണ് മാലാഖ പറഞ്ഞത്; 'ഭയപ്പെടേണ്ടാ; സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാ സന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നും ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.' (ലൂക്കോസ് 2:10-11). കാരണം അവൻ അവരുടെ രക്ഷയ്ക്കായിട്ടാണ് ജനിച്ചത്. എങ്കിലും അവന്റെ അത്ഭുതങ്ങൾ അവന്റെ

ജനനത്തിങ്കൽ ആരംഭിച്ചില്ല. 'ധന്യനായ ദൈവത്തിന്റെ സുവിശേഷം' എന്ന് പറയുന്നുണ്ട്. ഇവിടെ മഹത്വം എന്നത് ദൈവീക സേവനമോ (service of God), അല്ലെങ്കിൽ ഇന്ന് ആ മഹത്വം കൊണ്ട് നിറയുകയാണെങ്കിൽ ഭാവിയിൽ അത് കൂടുതലായി ദൃശ്യമാവുകയും ചെയ്യും എന്ന നിലയിലാണ്. 'അവൻ സകല ശത്രുക്കളെയും കാൽകീഴാക്കുവോളം വാഴേണ്ടതാകുന്നു' (1 കൊരിന്ത്യർ 15:25). ഒരു എതിർപ്പും ഉണ്ടാകാതെയും, അനുഗ്രഹീതമായവ നീതിയാൽ പ്രാപിക്കും. 'ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല' (1 കൊരിന്ത്യർ 2:9) എന്നുമുണ്ട്. കാരണം നമ്മുടെ രക്ഷകൻ പറഞ്ഞിട്ടുണ്ട്: 'പിതാവേ, നീ ലോക സ്ഥാപനത്തിനു മുൻപേ എന്നെ സ്നേഹിച്ചിരിക്കുക കൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോട് കൂടെ ഇരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു' (യോഹന്നാൻ 17:24).

◆



ഫാ. റ്റി. ജി. സ്റ്റീഫൻ അന്തരിച്ചു

കോട്ടയം സെൻട്രൽ ഭദ്രാസന സീനിയർ വൈദികൻ എരുമേലി കനകപ്പാലം തോപ്പിൽ ഫാ. റ്റി. ജി. സ്റ്റീഫൻ (94) അന്തരിച്ചു. കോട്ടയം ചെറിയപള്ളിയിൽ സഹ വികാരിയായി 1968 മുതൽ സേവനമനുഷ്ഠിച്ചു. സംസ്ക്കാരം പിന്നീട്.



വയനാട് സ്പെഷ്യൽ പാക്കേജിലേക്ക് ചെങ്ങന്നൂർ ഭദ്രാസന ദേവാലയങ്ങളുടെ നിറഞ്ഞ പങ്കാളിത്തം

ചെങ്ങന്നൂർ: പ. ബാവാ തിരുമേനിയുടെ കൽപ്പനപ്രകാരവും ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരവും ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം ആവിഷ്കരിച്ച വയനാട്ടിലേക്കുള്ള പ്രത്യേക പാക്കേജിലെക്ക് പേരിശ്ശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ് ദേവാലയത്തിലെ എം.ജി.എം. യുവജനപ്രസ്ഥാനം പ്രവർത്തകർ സമാഹരിച്ച ആദ്യ തുകയായ 60,500 രൂപ വെണ്മണി മിനോറാ അരമനയിൽ വച്ച് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് സ്വീകരിച്ച് ഭദ്രാസന കമ്മറ്റിക്ക് കൈമാറി.

Merlin George (MGOCSM Thiruvanathapuram Diocesan Secretary) successfully completed Ph.D in Computer Science & Engineering from NIT Calicut.





കുമാരി. അലീന ആൻ ജേക്കബ് എം.ജി. യൂണിവേഴ്സിറ്റി, MSc Material Physics ഒന്നാം റാങ്ക് കരസ്ഥമാക്കി. കലഞ്ഞൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി അംഗമാണ്.



മാന്നാർ, കുട്ടമ്പേരൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സഭാ മാനേജിംഗ് കമ്മറ്റി അംഗം ജോജി ജോർജ്. മാവേലിക്കര ഭദ്രാസനത്തിലെ കുട്ടംപേരൂർ സെന്റ് ഗ്രീഗോറിയോസ് ഇടവകാംഗമാണ്.

സഭാപിതാക്കന്മാർ

പൗലോസ് മാർ പക്കോമിയോസ് തിരുമേനി; നിലപാടുകളുടെ കാര്യസ്ഥൻ

ഫാ.പത്രോസ് ഒ.ഐ.സി. (ബഥനി ആശ്രമം)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ പ്രഥമ സന്യാസ പ്രസ്ഥാനമായ ബഥനി ആശ്രമത്തിലേക്ക് എനിക്ക് വഴിതുറന്നു തന്ന പിതാവാണ് ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പക്കോമിയോസ് തിരുമേനി. അദ്ദേഹം ഇടുക്കി ഭദ്രാസന അധിപനായിരിക്കുമ്പോഴാണ് ബഹു. മാത്യു ജോൺ അച്ചനിലൂടെ ആശ്രമ ജീവിതം എന്ന എന്റെ ആഗ്രഹം തിരുമേനി അറിയുന്നത്. ഏറ്റവും അടുത്ത ദിവസം തന്നെ ബഥനി ആശ്രമത്തിലേക്ക് പോകുന്നതിന് തയ്യാറായി ഗത്സിമോൻ അരമനയിൽ എത്താനായിരുന്നു നിർദ്ദേശം. അരമനയിൽ എത്തിയപ്പോൾ എന്റെ മാതാപിതാക്കളോടും വികാരിയച്ചനോടും 'ഇവൻ ഇനി ബഥനി ആശ്രമത്തിലെ അംഗമാണ്. നിങ്ങൾ പൊയ്ക്കോളൂ; ഞാൻ നോക്കിക്കൊള്ളാം' എന്നു പറഞ്ഞ് യാത്രയാക്കി. അന്ന് (2001) മുതൽ വളരെ അടുത്തുനിന്ന് കണ്ടും കേട്ടും പരിചയിച്ച തിരുമേനിയുടെ ചില സ്വഭാവ സവിശേഷതകളാണ് ഇവിടെ കുറിക്കുന്നത്.

പിതാവ് വഴി കുറിച്ചി ബാവയുടെയും മാതാവ് വഴി പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും കുടുംബാംഗമാണ് പക്കോമിയോസ് തിരുമേനി. അദ്ദേഹം 1968 ൽ റാന്നി-പെരുന്നാട് ബഥനി ആശ്രമത്തിൽ അംഗമായപ്പോൾ ആബോ യൂഹാനോൻ (പിന്നീട് യൂഹാനോൻ മാർ അത്താനാസിയോസ്) ആയിരുന്നു ആശ്രമാധ്യക്ഷൻ. ആശ്രമ സ്ഥാപക പിതാക്കന്മാരിലൊരാളായ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജീവിതനിഷ്ഠകളും ധ്യാനഗുരുവായിരുന്ന യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനിയുടെ ധ്യാന പാരമ്പര്യവും അനുശീലിച്ച ശിഷ്യൻ, 1973-ൽ കോട്ടയത്തിന്റെ പൗരസ്ത്യ മാർ ഈവാനിയോസ് തിരുമേനിയിൽ നിന്ന് ശെമ്മാശപട്ടവും 1978 ൽ അന്നത്തെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നിന്ന് കശീശാ പട്ടവും സ്വീകരിച്ച് ഫാ. പൗലോസ് ഒ.ഐ.സി. ആയി. 1992 സെപ്തംബറിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട് ഡിസംബറിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് തിരുമേനിയിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1973 ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്നും മേൽപ്പട്ടസ്ഥാനം സ്വീകരിച്ചു. പൗലോസ് മാർ പക്കോമിയോസ് ഒ.ഐ.സി. എന്ന് നാമധാരിയായ തിരുമേനി മലങ്കര സഭയുടെ വിവിധ ചുമതലകൾ കർത്തവ്യബോധത്തോടെ നിർവഹിച്ച് 2012 ഓഗസ്റ്റ് ഒന്നിന് കർതൃ സന്നിധിയിൽ ചേർക്കപ്പെട്ടു. തിരുമേനിയിൽ ഉദാത്ത മാതൃകയായി ഞാൻ കണ്ട ചില സ്വഭാവ വിശേഷങ്ങൾ കുറിയ്ക്കുന്നു

മലങ്കര സഭയോടും ബഥനി ആശ്രമത്തോടും പുലർത്തിയ കൂറും വിശ്വസ്തതയും

മലങ്കരസഭ നേരിട്ടപ്രതിസന്ധിഘട്ടങ്ങളിൽ ഓരോന്നിലും പ. കാതോലിക്കാ ബാവായോട് അദ്ദേഹം നിലയുറപ്പിച്ചു.സഭയ്ക്ക് ലഭിക്കേണ്ട നീതിക്കുവേണ്ടി രോഗാവസ്ഥയിലും ക്ഷീണത്തിലും ഇരിക്കുമ്പോഴും ഏറെ ദിവസങ്ങൾ നിരാഹാരസമരത്തിനു നേതൃത്വം നല്കി. സഭയുടെ പൊതു നിലപാടുകളിൽ കൂട്ടുത്തരവാദിത്വം ഏറ്റെടുത്ത് അതിന്റെ പതാകവാഹകനായി. മരണപര്യന്തം തീക്ഷ്ണതയോടെ സഭയോടുള്ള കൂറും വിശ്വസ്തതയും മുറുകെപ്പുണർന്ന വ്യക്തിപ്രഭാവമായിരുന്നു അത്.

സ്വന്തം ഞരമ്പുകളിൽ ഒഴുകുന്ന ആത്മാഭിമാനത്തിന്റെ സ്പന്ദനമായാണ് ബഥനി ആശ്രമത്തിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം നിരീക്ഷിച്ചത്. അതാതു കാലങ്ങളിൽ ആശ്രമത്തിന് ആവശ്യമുള്ള തീരുമാനങ്ങൾ എടുക്കുന്നതിൽ തിരുമേനി വളരെ ശ്രദ്ധ പുലർത്തിയിരുന്നു. ആശ്രമാംഗങ്ങളുടെ ചെറിയ കൂടിച്ചേരലുകളിൽ പോലും തിരുമേനി സജീവ സാന്നിധ്യമായി. മറ്റുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും കേൾക്കാനും പ്രതിവിധി കാണാനും ഏറെ കരുതൽ നല്കി.



നിലപാടുകളിലെ ധൈര്യം

ആരുടെ മുമ്പിലും പതറാതെ തീരുമാനങ്ങളിൽ ഉറച്ച് നിൽക്കാനുള്ള തിരുമേനിയുടെ ചങ്കൂറ്റവും ശ്രദ്ധേയമാണ്. യാഥാർത്ഥ്യമെന്ന് ബോധ്യമുള്ള കാര്യങ്ങളെ മുഖം നോക്കാതെ പറയാൻ, നീതിയുടെ പക്ഷത്തിനു വേണ്ടി ഉറച്ചു നിൽക്കാൻ തിരുമേനിക്ക് അല്പം പോലും പരിഭ്രമം ഉണ്ടായിട്ടില്ല. ഒരു മന്ത്രിയുടെ ഓഫീസിനു മുമ്പിൽ സമരം നടക്കുമ്പോൾ 'ഞാൻ കാര്യം സംസാരിച്ചിട്ട് വരാം' എന്നു പറഞ്ഞ് ഓഫീസിന്റെ വാതിൽ തള്ളിത്തുറന്ന് അകത്തു കയറി കസേരയിൽ ഇരിപ്പുറപ്പിച്ചത് പറഞ്ഞു കേട്ടിട്ടുണ്ട്. ഏതു പ്രതിസന്ധി ഘട്ടത്തിലും നിശിതവും കൃത്യവുമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ഒരു മികവ് തന്നെയുണ്ടായിരുന്നു തിരുമേനിക്ക്.തുറന്ന നിലപാട് ആണെങ്കിൽ അത് എടുക്കുന്നവർക്ക് എത്ര ചെറിയവൻ ആണെങ്കിൽ പോലും പരിപൂർണ്ണ പിന്തുണ തിരുമേനിയിൽ നിന്ന് പ്രതീക്ഷിക്കാം. ദേഷ്യം തോന്നിയാൽ മറച്ചു വയ്ക്കാതെ പറയുന്ന ശീലവും തിരുമേനിയുടെ വ്യക്തിമുദ്രയാണ്. പറയാനുള്ള കാര്യം പറഞ്ഞു കഴിഞ്ഞാൽ അയാളോട് പിണക്കം മനസ്സിൽ വയ്ക്കാറില്ല. വ്യക്തിയോട് അല്ല, പ്രശ്നത്തോടാണ് തിരുമേനി കലഹിച്ചിരുന്നത്.

ധ്യാനഗുരു

പൗലോസ് മാർ പക്കോമിയോസ് തിരുമേനി മേൽപ്പട്ട സ്ഥാനത്തേക്ക് വരുന്നത് തന്നെ ധ്യാനഗുരു എന്ന നിലയിലായിരുന്നു. തന്റെ ആധ്യാത്മിക പിതാവായ യൂഹാനോൻ മാർ അത്താനാസിയോസ് സഞ്ചരിച്ചിരുന്ന ധ്യാന വഴികളിൽ തന്നെയായിരുന്നു തിരുമേനിയുടെയും യാത്ര.പുരോഹിതനായിരുന്ന കാലമെല്ലാം ധ്യാനപ്രസംഗങ്ങൾക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു.

പുതുതലമുറയോട്

എം.ജി.ഒ.സി.എസ്.എം. പ്രസിഡണ്ട് ആയിരിക്കുമ്പോൾ ചെറുപ്പക്കാരുടെ പ്രതിസന്ധികളും പ്രശ്നങ്ങളും സാധ്യതകളും തിരുമേനിക്ക് ബോധ്യം ഉണ്ടായിരുന്നു. കോൺഫറൻസുകളിൽ വലിയ സംഘം വിദ്യാർത്ഥികൾക്ക് നടുവിലാണ് അദ്ദേഹത്തെ കാണാൻ പറ്റുക.

ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത, മാവേലിക്കര ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ, മർത്തമറിയം സമാജം പ്രസിഡണ്ട്, വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡണ്ട്, എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നായകൻ, മികച്ച സംഘാടകൻ, ധ്യാന ഗുരു, ആത്മീയ പ്രബോധകൻ, ധൈര്യശാലിയായ നേതാവ് എന്നിങ്ങനെ പൗലോസ് മാർ പക്കോയോസ് തിരുമേനിയുടെ വിശേഷണങ്ങൾ ഏറെയാണ്.

❑

വചനതീർത്ഥം

കൂടാര പെരുന്നാളിന് ശേഷം ഒന്നാം ഞായർ

(വി. മത്തായി 21:28–32)

ഫാ. ജെറിൻ ജോൺ അടൂർ



ഒരു പിതാവിന്റെ രണ്ടു മക്കളുടെ സ്വഭാവരീതികളെ ആസ്പദമാക്കി ക്രിസ്തു നമ്മുടെ തീരുമാനങ്ങളെയും അവയുടെ പരിണിത ഫലങ്ങളെയും കുറിച്ച് വളരെ ലളിതമായി, എന്നാൽ വിഷയത്തിന്റെ തീവ്രത ഒട്ടും ചോർന്നുപോകാതെ നമ്മെ പഠിപ്പിക്കുകയാണ് ഇന്നത്തെ വചനഭാഗത്തിലൂടെ. ഒന്നാമത്തെ മകൻ പിതാവിന്റെ വാക്കുകൾ വളരെ ബഹുമാനത്തോടെയെന്ന ഭാവേന ശ്രവിക്കുന്നവനാണ്. എന്നാൽ, പിതാവിനെ അനുസരിക്കാൻ അയാൾക്ക് തീരെ താല്പര്യമില്ല. പിതാവിനോടുള്ള അയാളുടെ സ്നേഹം കേവലം ബാഹ്യമായ ഒന്നാണ്. പിതാവ് എന്തെങ്കിലും സംസാരിക്കുമ്പോൾ അതിനു ചെവി കൊടുത്തില്ലെങ്കിൽ പിതാവിന്റെ സ്വത്തിൽ തനിക്കുള്ള അവകാശം നഷ്ടമായേക്കും എന്ന ഭയമാണ് അയാളെ പിതാവിന്റെ മുൻപിൽ അനുസരണമുള്ള മകനായി ചമയാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ അലസനും കപടനാട്യക്കാരനുമായ അയാൾ പിതാവ് പറയുന്നതൊക്കെ കേൾക്കുന്നതല്ലാതെ അതനുസരിച്ച് ഒന്നും പ്രവർത്തിക്കുന്നില്ല. രണ്ടാമനാകട്ടെ, സ്വന്തം ഇഷ്ടങ്ങളിലും താല്പര്യങ്ങളിലും മുഴുകിക്കഴിയുന്ന ഒരു വ്യക്തിയാണ്. പിതാവിന്റെ ആവശ്യം അനുസരിക്കുക എന്ന് വച്ചാൽ തന്റെ ഇഷ്ടങ്ങൾ മാറ്റിവയ്ക്കേണ്ടി വരും എന്നതിനാൽ പിതാവിന്റെ ആവശ്യം കേട്ട മാത്രയിൽ തന്നെ അയാളത് നിരാകരിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, കുറേനെരത്തിനുശേഷം തന്റെ പ്രവൃത്തിയിൽ അയാൾക്ക് കുറ്റബോധം തോന്നുകയും, പശ്ചാത്താപത്തോടെ പിതാവ് ഏൽപ്പിച്ച ജോലി നിർവഹിക്കുകയും ചെയ്തു.

വിശ്വസ്തനാകാൻ മനോഭാവങ്ങൾക്ക് വ്യത്യാസമുണ്ടാകണം

ഈ പിതാവിന്റെ രണ്ടു പുത്രന്മാരും വ്യത്യസ്തരാണെങ്കിലും പിതാവിനെ കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾ സാമ്യമുള്ളതാണ്; അധികാരി തുല്യനായ ഒരു പിതാവ്. ഒന്നുങ്കിൽ കീഴ്പ്പെട്ടു നിൽക്കാം അല്ലെങ്കിൽ എതിർത്തു നിൽക്കാം. രണ്ടായാലും അത്യന്തികമായി പിതാവിനെ ഒഴിവാക്കി നിർത്തുക എന്ന തന്ത്രമാണ് രണ്ടിന്റെയും പിന്നിലുള്ളത്. പക്ഷെ രണ്ടാമത്തവൻ പിതാവിനോടുള്ള അവന്റെ എതിർപ്പിനെ സ്വയം ഇല്ലാതാക്കുന്നുണ്ട്. അവൻ പശ്ചാത്തപിക്കുന്നു. ഇവിടെ പശ്ചാത്താപം കൊണ്ടർത്ഥമാക്കുന്നത് പിതാവിനോടുണ്ടായിരുന്ന അവന്റെ കാഴ്ചപ്പാടിന്റെ മാറ്റമാണ്. മുന്തിരിത്തോപ്പ് അവനെ സംബന്ധിച്ച് പിതാവിന് കീഴ്പെട്ടു കഷ്ടപ്പെട്ട് പണിയെടുക്കേണ്ട ഒരു ഇടമല്ല എന്ന് അവൻ തിരിച്ചറിയുന്നു. ആ തോട്ടം തന്റെ കുടുംബത്തിന്റെ ഭാഗമാണെന്നും, ആ തോട്ടത്തിൽ ആനന്ദം വിളയുന്നുണ്ടെന്നും, അതിന്റെ ഉടമസ്ഥൻ തന്റെ പിതാവാണെന്നും അവനു ബോധോദയമുണ്ടാകുന്നു. ഇതു താൻ ആ പിതാവിന്റെ മകനാണ് എന്ന ബോധ്യമാണ്. അടിമ മനസ്സുള്ളവർക്ക് ഇല്ലാത്തതും ഇതുതന്നെയായിരിക്കും.

ഇനിയാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം: "ഈ രണ്ടു പേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്?" വേണമെങ്കിൽ മറ്റൊരു ചോദ്യം നമുക്കും ചോദിക്കാവുന്നതാണ്; തന്റെ മക്കൾക്ക് അനുസരണയുണ്ടോ എന്ന് പരീക്ഷിക്കുന്നതും ദൈവത്തിന്റെ ഇഷ്ടമാണോ? അല്ല. ഈ ലോകം ഫലമണിഞ്ഞു നിൽക്കുന്ന മുന്തിരിത്തോപ്പ് പോലെയാക്കുക എന്നതാണ് അവന്റെ ഇഷ്ടം. ഈ ഭൂമിയെ സ്വതന്ത്രരായ മക്കൾ വസിക്കുന്ന ഭവനം പോലെയാക്കുക എന്നതാണ്.

യേശു തന്റെ വാക്കുകൾ പിന്നെയും തുടരുന്നുണ്ട്. അവൻ ഉറപ്പിച്ചു പറയുന്നു പാപികൾക്കാണ് സ്വർഗ്ഗരാജ്യം. നോക്കുക, അവർ ആദ്യം പിതാവിനെ നിരാകരിച്ചു എന്നത് സത്യമാണ്, പക്ഷേ അവർ ഏകാന്തതയിൽ നൊമ്പരപ്പെടുകയും പിന്നീട് ജീവിതം തന്നെ മാറ്റുകയും ചെയ്യുന്നുണ്ട്. നിരന്തരം പിതാവിന്റെ മുമ്പിൽ നിന്നുകൊണ്ട് "അതെ" എന്നുപറയുന്ന നമ്മോട് തന്നെയാണ് യേശു ഈ ഉപമ പറയുന്നതെന്നും ഓർക്കണം. പേരുകൊണ്ട് ക്രിസ്ത്യാനിയായിരിക്കുകയും ഉള്ളുകൊണ്ട് ക്രിസ്തുവിനെ കാതങ്ങൾക്കകലെ നിർത്തുകയും ചെയ്യുന്നവരോടും കൂടിയാണ് ഈ ഉപമ പറയുന്നത്. വിശ്വാസിയാകണോ വിശ്വസ്തനാകണോ എന്നത് തന്നെയാണ് ഏറ്റവും അത്യന്തികമായ ചോദ്യവുമെന്ന് നമുക്ക് മറക്കാതിരിക്കാം. വിശ്വാസിയാകാൻ എളുപ്പമാണ്. ഇത്തിരി അടിമ ഭാവം ഉണ്ടായാൽ മാത്രം മതി. പക്ഷേ വിശ്വസ്തനാകണമെങ്കിൽ ഇത്തിരി ധൈര്യം വേണം, പുത്ര മനോഭാവത്തിന്റെ ധൈര്യം.

നന്മയുള്ള മനസ്സിനെ കുറിക്കുന്നത് ആകണം നമ്മുടെ പ്രവർത്തികൾ

ഈ ഉപമയിൽ ഒന്നാമത്തെ പുത്രൻ മുന്തിരിത്തോട്ടത്തിൽ ജോലിക്കു പോകാമെന്നു പറഞ്ഞെങ്കിലും പോയില്ല. എന്നാൽ മാന്യമായ രീതിയിൽ ഉത്തരം തരുന്നു, ആരെയും വേദനിപ്പിക്കുന്നില്ല, പക്ഷെ ആവശ്യപ്പെട്ട കാര്യം സാധിച്ചുകൊടുക്കുന്നില്ല. ഭംഗി വാക്കു പറയാൻ കഴിവുണ്ടായിരുന്നു. പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ പരാജിതനായി. രണ്ടാമത്തെ പുത്രനാകട്ടെ എനിക്കു മനസില്ല എന്ന ഉത്തരമാണു നല്കുന്നത്. എന്നാൽ ഒരു നല്ല മനസിന്റെ ഉടമയാണ് ഈ പുത്രൻ എന്ന് പ്രവത്തിയിലൂടെ കാണിച്ചുതരുന്നു. നല്ല മനസിന്റെ ഉടമകൾക്കാണ് തെറ്റുകളെ വിവേചിച്ചറിയാൻ സാധിക്കുക. യഥാർത്ഥത്തിൽ സ്വന്തം വാക്കുകളെ പോലും പുനർവിചിന്തനത്തിനായി ഉപയോഗിക്കുന്നു, തെറ്റിപ്പോയി എന്നു മനസിലാക്കുന്നു, പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ സന്നദ്ധനാകുന്നു. നല്ല വാക്കു പറയുന്നതിലൂടെയല്ല ഒരു വ്യക്തിയെ മനസിലാക്കാൻ സാധിക്കുക, വ്യക്തിയുടെ വാക്കിനെയും പിന്നാലെയുള്ള വ്യക്തിയുടെ പ്രവർത്തനത്തെയും കണക്കിലെടുക്കെണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ഹൃദയ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു വ്യക്തിയായിട്ടാണ് രണ്ടാമത്തെ പുത്രനെ കാണുവാൻ സാധിക്കുന്നത്. പുനർവിചിന്തനം നടത്താം നമ്മുടെ വാക്കുകളെ, പ്രവർത്തികളെ, പെരുമാറ്റരീതികളെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ നന്മയുടെ പാത്രങ്ങൾ ആയി നാം തീരണം. ◆



മാവേലിക്കര ഭദ്രാസനം പക്കോമിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഏർപ്പെടുത്തിയ പൗലോസ് മാർ പക്കോമിയോസ് എക്സലൻസ് അവാർഡ് എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ഡോ. വർഗീസ് പോത്തൻ സ്വീകരിക്കുന്നു. ഡോ. ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ഭദ്രാസന സെക്രട്ടറി ഫാ. ജോൺസി ഈപ്പൻ, തെയോഭവൻ അരമന സെക്രട്ടറി ഫാ. തോമസ് രാജു എന്നിവർ സമീപം.

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു." – പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

Church Calendar

THE SPIRITUAL EFFICACY OF OUR ACTIONS AND WORDS

(FIRST SUNDAY AFTER TRANSFIGURATION, MATT 21:28-32)

Fr. Sajoie Samuel



The parable talks about a father who had two sons. He goes to the first and instructs him to work in the vineyard. Though initially he denies, he gradually changes his mind and complies to his father's request. The second son replies in the affirmative but does not convert his words into actions. Our Heavenly Father exhorts us to work in His vineyard so that we can be the disciples of The Way. Jesus was intending this parable for the Pharisees who had vowed to work for the glory of God but were barricading the Kingdom of God from the faithful. On the other hand, sinful people like the tax collectors and harlots repented and accepted the message of God.

The Church celebrated The Feast of Transfiguration on August 06th. The light from above shone on Jesus and a voice from heaven was heard. Similarly, in our earthly life too, we also need to be Transfigured so that we can be the torch bearers for others to show them the way lest they flounder and fall. In this spiritual endeavor we are blessed with the presence of our spiritual patriarchs like Moses and Elijah.

I. OUR ACTIONS CAN WIPE AWAY THE SINS OF OUR WORDS

Proverbs 06:16-19 highlights six things that the Lord hates. One of them is "a lying tongue". James 3:5 portrays the tongue as akin to a small spark that engulfs a whole forest with fire. Proverbs 15:4 says "The soothing tongue is a tree of life, but a perverse tongue crushes the spirit". The word of God is full of precepts that caution as towards the reckless use of the tongue. But God has no limitations to grant us purity from our sins. If we falter through our tongue, God has in place a wonderful solution to help us out of the sin we committed. We can mend the sins of our tongue by rectifying our actions. Saying a yes and not acting upon it is much worse than saying a no and then not doing it.

There is a reason why our actions are so powerful over our words. When we act with conviction to do what is right, we are directing all our senses to work for a common good. It is a sort of a u turn to the tongue that had sinned in the past. When the Prodigal Son gets up and goes back to his father, his actions are strong enough to reinstate him, to the privilege of a heir that he callously threw to the winds. So his action of repentance washes away the follies he committed with his tongue in the past. Hence we see the various opportunities of redemption that our Heavenly Father gives us to attain eternal life.

At the same time we have to keep in mind the ill effects of a warped speech or actions. They become proofs of condemnation against us. When Jesus finished the above parable he asks the Pharisees as to which of the two sons did what was right. By answering this question they were condemning themselves. We know it takes a lot of effort to bring to action what we have promised to rectify. But God's love for us is so great, that He doesn't wait for our actions. Even our words can lead us to eternal life. The repentant thief on the cross did no good action or deed to prove his innocence. He just said words of repentance to the Lord. That was enough for God to forgive him. Hence let us live upto our promise of being faithful to God so that we get eternal life.

II. BE AN HONEST SINNER BY BEING PERFECT TO ATTAIN RIGHTEOUSNESS

"It is a truth universally acknowledged, that a single man in possession of a good fortune, must be in want of a wife." These are the opening lines of the novel "Pride and Prejudice" written by Jane Austen. Certain things are accepted by human race as universal truths. The sinful nature of humans is another well accepted truth. Humans are sinful right from the word go. When we accept this truth we are already on the path of righteousness. Repentance in Greek refers to 'Metanoia.' It is a u turn. But we can take a u turn only when we are convinced that the path we are traversing is wrong.

The term 'honest sinner' helps us to acknowledge our weakness to sin. But when we trust in the ever cleansing glory of our Savior, we eschew evil and work towards peace. One of the sons was an honest sinner who thought over his sin and made amends for it. Hence, even though he sinned by refusing first, he is absolved of his sin when he repents. The unrepentant thief doesn't see himself as a sinner and hence is pronounced to eternal fire. The biggest sin is to consider oneself as righteous. Such a person is pronouncing judgment on him/herself and denouncing the grace of our Lord Jesus.

To conclude, let our actions speak for our righteous self. Empty words are a mask that camouflage our intentions. Actions are the crux of the Kingdom of God. This is binding not only on humans but on nature too. The seed that fell on good soil has to bring forth new life by changing form (Matt 13:1-10). Whoever does not act is like the Rich Young Man (Matt 19: 16-30) who went to Jesus to enquire about eternal life, but was so engrossed in himself and his vanity that he could not understand what he had to eschew for an eternal life. Like the Prodigal Son, let our words lead us to deification. In the Eqbo of Vespers of Monday we sing the words voiced by the Prodigal Son to his father:

I have sinned in your sight and am not worthy
To be called your son.
Accept me into your house as a servant
Because I have sinned.

❑